# വേദാഭിമാനി

11th YEAR

Vol.12 | No.3 | MARCH | കാർത്തികപ്പള്ളി | R.No. 7361/02

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി


## വീൽചെയറിലെ അത്ഭുതം

പല ശാസ്ത്രരഹസ്യങ്ങളും ലോകത്തിന് തുറന്നുകൊടുത്ത സ്റ്റീഫൻ ഹോക്കിംഗ് ലോകത്തിനുമുന്നിൽ മറ്റൊരു അത്ഭുതമായി എഴുപതിന്റെ നിറവിൽ. 21-ാം വയസിൽ കേംബ്രിഡ്ജ് വിദ്യാർത്ഥിയായിരിക്കെ പിടികൂടിയ മാരകരോഗത്തെ അതിജീവിച്ചാണ് സ്റ്റീഫൻ ഹോക്കിംഗ് ശാസ്ത്ര രഹസ്യങ്ങളുടെ ചുരുളഴിച്ചത്. തലച്ചോറിലെ നാഡീവ്യൂഹത്തെ ബാധിക്കുന്ന



രോഗം (ലൂ ഗെഹ്റിഗ്സ് ഡിസീസ്) പിടിപെടുന്നവർ ഏതാനും വർഷങ്ങൾക്കകം മരണത്തിനു കീഴടങ്ങുമെന്ന പതിവ് തെറ്റിച്ചുകൊണ്ടാണ് ഹോക്കിംഗ് എഴുപതിലെത്തിയത്.

1988ൽ പുറത്തിറക്കിയ 'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം' എന്ന ഗ്രന്ഥത്തിൽ ഹോക്കിംഗ് പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവുകൾ ലളിതമായി അവതരിപ്പിക്കുന്നു. ലോകമാകെ ഈ ഗ്രന്ഥത്തിന്റെ ഒരു കോടി കോപ്പികളാണു വിറ്റഴിഞ്ഞത്.

പരിണാമവാദവുമായി ബന്ധപ്പെട്ട ഇദ്ദേഹത്തിന്റെ കണ്ടെത്തലുകളും നിഗമനങ്ങളും ഒരിക്കലും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. പക്ഷെ അത്ഭുതപ്പെടുത്തുന്ന വസ്തുത ഇതാണ്.

1942 ജനുവരി എട്ടിനു ജനിച്ച ഹോക്കിംഗ് കേംബ്രിഡ്ജ് സർവകലാശാലയിൽ സർ ഐസക് ന്യൂട്ടൺ വഹിച്ചിരുന്ന മാത്തമാറ്റിക്സ് വിഭാഗത്തിലെ പദവിയിൽ 2009 വരെ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ സർവകലാശാലയിലെ സെന്റർ ഓഫ് തിയററ്റിക്കൽ കോസ്മോളജിയുടെ ഗവേഷണവിഭാഗം തലവനായി പ്രവർത്തിക്കുകയാണ്.

ശാരീരികമായി തളർന്ന ഹോക്കിംഗ് 1970 മുതൽ വീൽചെയറിലാണ് കഴിയുന്നത്. 1985 മുതൽ കമ്പ്യൂട്ടറിന്റെയും ശ്രവണസഹായിയുടെയും സഹായത്തോടെയാണ് ഹോക്കിംഗ് സംസാരിക്കുന്നത്. ഇങ്ങനെയുള്ള ഒരു വ്യക്തി ലോകം ഉറ്റുനോക്കുന്ന ഗവേഷണവിഭാഗത്തിന്റെ തലവനാണെന്നത് എത്രയോ അത്ഭുതകരമായ വസ്തുതയാണ്.

## തൂക്കിയിട്ടിരിക്കുന്ന ഓഫീസ് മുറി

തറനിരപ്പിൽ നിന്ന് 50 അടി ഉയരത്തിലുള്ള മുറി. അതിൽ കോൺഫറൻസ് നടത്താനുള്ള സൗകര്യം. വായുവിൽ പൊങ്ങിക്കിടക്കുന്ന പ്രതീതി നല്കുന്ന ഓഫീസ് മുറിയിലിരുന്ന് ബിസിനസ് ചർച്ചകൾ. ഡെന്മാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നിക്രഡിറ്റ് എന്ന ധനകാര്യസ്ഥാപനത്തിന്റെ കോപ്പൻഹേഗനിലെ ആസ്ഥാനമന്ദിരത്തിലാണു തൂക്കിയിട്ടിരിക്കുന്ന വിധം ഡിസൈൻ ചെയ്തിരിക്കുന്ന ഓഫീസ് മുറികളുള്ളത്. അകലെനിന്നു നോക്കിയാൽ തൂക്കിയിട്ടിരിക്കുന്ന പെട്ടികൾ പോലെ. ഇരുണ്ട നിറത്തിൽ പോളിഷ് ചെയ്ത തടിയിൽ പുറം ചുവരുകൾ. ഉള്ളിൽ ധാരാളം പ്രകാശവും വിസ്താരവുമുള്ള കോൺഫറൻസ് മുറി. നടുവിൽ വലിയ മേശ, ചുറ്റും കസേരകൾ.

സാഹസികചിന്തയുള്ള ഡിസൈനറുടെ മനസിൽ മൊട്ടിട്ട ആശയം ആകർഷകമായ മുറിയുടെ രൂപത്തിൽ വിടർന്നപ്പോൾ അതു നിക്രഡിറ്റിലെ ജീവനക്കാർക്കും അഭിമാനത്തിനു വക നല്കി. അടുക്കും ചിട്ടയുമുള്ള ഓഫീസ് മുറികളും അവിടെ ആധുനിക സാങ്കേതികത പ്രയോജനപ്പെടുത്തുന്ന ഉപകരണങ്ങളുടെ സാന്നിദ്ധ്യവുമാണല്ലോ ഏതൊരു സ്ഥാപനത്തിലെയും തൊഴിലാളികൾ പ്രതീക്ഷിക്കുന്നത്.

കാന്റിലിവിലേർഡ് ബീമുകൾ ഉപയോഗിച്ചാണു മുറികൾ തൂക്കിയിട്ടിരിക്കുന്നത്. ബീം ആകൃതിയിലുള്ള നിർമിതിയാണു കാന്റിലിവർ. അതിന്റെ ഒരറ്റം



Schmidt Hammer Lassen Architects

ബലമായി ഉറപ്പിച്ചിരിക്കും. മറ്റേ അറ്റത്തു ലോഡ് തൂക്കിയിടുന്നു.


കോപ്പൻഹേഗനിലെ നിക്രഡിറ്റ് ആസ്ഥാനമന്ദിരത്തിന്റെ മൂന്നും അഞ്ചും നിലകളിൽ ഉറപ്പിച്ച ബീമുകളിലാണ് മുറികൾ തൂക്കിയിട്ടിരിക്കുന്നത്. പത്തു നിലകളിലായാണ് ഈ കെട്ടിടം നിലകൊള്ളുന്നത്.

# യേശു, ചരിത്രത്തിലെ ഏറ്റവും വലിയ വിമോചനപ്പോരാളി

ചരിത്രത്തിലെ ഏറ്റവും വലിയ വിമോചനപ്പോരാളിയായാണു സി.പി.എം. യേശുക്രിസ്തുവിനെ കാണുന്നതെന്നു പിണറായി വിജയൻ. "ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിലും ബുദ്ധിമുട്ടാണ് ധനവാന് സ്വർഗത്തിൽ കടക്കാനെന്നാണ് യേശുക്രിസ്തു പറഞ്ഞത്.

അത് അടിച്ചമർത്തപ്പെട്ടവന്റെ ശബ്ദമാണ്. അതുകൊണ്ട് സ്വാഭാവികമായും ഞങ്ങൾ അദ്ദേഹത്തെ ആദരിക്കും. അതിൽ മറ്റാർക്കും വിഷമം തോന്നേണ്ട കാര്യമില്ല" പിണറായി പറഞ്ഞു.

സി. പി. എം. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ലോക്പാൽ ബില്ലും ഇന്ത്യൻ ജനാധിപത്യവും എന്ന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. "ആരാധനാലയങ്ങളിൽ നിന്നു പലിശക്കാരെയും കള്ളവാണിഭക്കാരെയും ചാട്ടവാറിനടിച്ചു ക്രിസ്തു പുറത്താക്കി. ലോകത്താകെയുള്ള ചൂഷിത, മർദിത ജനങ്ങളെ മോചിപ്പിക്കാൻ കമ്യൂണിസത്തിനും ക്രിസ്തുമതത്തിനും കഴിയും. ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ വിമോചന ദൈവശാസ്ത്രം ഇതിന് ഉദാഹരണമാണ്. ചൂഷണത്തിനെതിരായ മുദ്രാവാക്യമാണ് ക്രിസ്തു എന്ന് അദ്ദേഹം പറഞ്ഞു.




### സാത്താന്റെ പരീക്ഷണം പോലെ : ചെന്നിത്തല

യേശുക്രിസ്തുവിന്റെ ചിത്രമുപയോഗിച്ചു സിപി.എം. പ്രചാരണം നടത്തുന്നത് സാത്താൻ യേശുവിനെ മരുഭൂമിയിൽ പരീക്ഷിച്ചതുപോലെയെന്നു കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല. കെ.പി.സി.സി. ഭാരവാഹിയോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു രമേശ്.

## യേശു പോരാളിയല്ല, വിമോചകനാണ് : വേദാഭിമാനി

വൈദ്യുതനിലയം സ്ഥാപിക്കാൻ കരാറെടുത്ത കമ്പനി; വഴിവെട്ടും ശുചീകരണപ്രവർത്തനം നടത്തും, സ്ഥലവാസികളെ പുനരധിവസിപ്പിക്കും, ടൗൺഷിപ്പ് ഉണ്ടാക്കും. ഇങ്ങനെ പല കാര്യങ്ങളും ചെയ്തെന്നു വരാം. പക്ഷെ ഇതൊന്നും ചെയ്യാൻ ഉദ്ദേശിച്ചോ, ലക്ഷ്യംവച്ചോ അല്ല അവർ വന്നിട്ടുള്ളത്. നിലയം സ്ഥാപിക്കുന്നതിനോടുള്ള ബന്ധത്തിൽ ഇതൊക്കെ ചെയ്തു എന്നേയുള്ളു. സഖാക്കൾ പറയുന്നതുപോലെ യേശു അടിച്ചമർത്തപ്പെട്ടവന്റെ ശബ്ദമല്ല. ചൂഷണത്തിനെതിരായ മുദ്രാവാക്യമല്ല. വിമോചനപ്പോരാളിയുമല്ല. അവൻ പാപവിമോചകനാണ്, മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനാണ്.

ഒരു മുദ്രാവാക്യമോ മൂല്യവത്തായ സങ്കല്പമോ അല്ല, യേശു മനുഷ്യവർഗ്ഗത്തിന്റെ മൂലധനമാണ്, മൂലക്കല്ലാണ്. ചൂഷിതരേയും മർദ്ദിതരേയും മോചിപ്പിക്കാനല്ല, സാത്താന്റെ അടിമത്വത്തിൽ അമർന്നുപോയവരെ അന്ധകാരത്തിൽ നിന്നും, നിത്യാഗ്നിയിൽനിന്നും രക്ഷിയ്ക്കാൻ വന്ന രക്ഷകനാണ് ക്രിസ്തു.

ഒരിക്കലും ഈ യേശുവിനെ ഉൾക്കൊള്ളുവാൻ കമ്മ്യൂണിസത്തിന് കഴിയുകയില്ല. കാരണം, കമ്മ്യൂണിസംതന്നെ ഒരു മതമായാണ് നിലനിൽക്കുന്നത്. ആചാരങ്ങളും ശീലങ്ങളും വ്യത്യസ്തമായ ദൈവനിഷേധ മതമാണെന്നു മാത്രം. ക്രൈസ്തവ വിശ്വാസം ക്യാപിറ്റലിസത്തോടോ, കമ്മ്യൂണിസത്തോടോ ചേർന്നു നിൽക്കുന്നതല്ല. യേശുക്രിസ്തു കാണിച്ചുതന്ന മാർഗ്ഗം സ്നേഹത്തിന്റെയും ക്ഷമയുടെയും ത്യാഗത്തിന്റെയും മാനസാന്തരത്തിന്റേതുമായിരുന്നു. മാർക്സിസത്തിന്റേതാകട്ടെ വർഗ്ഗസമരത്തിന്റെയും പിടിച്ചടക്കലിന്റെയും ആധിപത്യം സ്ഥാപിക്കലിന്റെയും ഉന്മൂലനത്തിന്റേതുമായ പാതയാണ്.

ഒരേസമയം വേട്ടക്കാരനെപ്പോലെ വേട്ടയാടുകയും ഇരയ്ക്കൊപ്പം ഓടുകയും ചെയ്യുന്ന വൈരുദ്ധ്യാത്മക ഭൗതികവാദം പോലെ യേശുവിനെ ആക്കിതീർക്കരുത്. യേശു നിങ്ങൾ ഉദ്ദേശിക്കുന്ന രീതിയിലുള്ള ആളല്ല. അതറിയണമെങ്കിൽ വേദപുസ്തകം പഠിക്കണം. ചരിത്രത്തിലേക്ക് നോക്കണം.

## ഈ കാറിന് റോഡ് വേണ്ട

സഞ്ചരിക്കാൻ പ്രത്യേകിച്ചൊരു റോഡ് ആവശ്യമില്ലാത്ത കാർ വരുന്നു. ടാറിട്ട റോഡിലും മണൽപ്പരപ്പിലും ഐസിലും ഓടുന്ന കാർ. വേണ്ടിവന്നാൽ വെള്ളത്തിലും ഓടുമത്രേ.

എല്ലാ ഭൂപ്രദേശങ്ങളിലും സഞ്ചരിക്കാൻ ശേഷിയുള്ള ഈ വാഹനത്തിന്റെ രൂപകല്പന ചൈനയിലാണു നടന്നിരിക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ പുറത്തിറങ്ങിയാൽ കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് അതു വലിയൊരനുഗ്രഹമാകും!

മണിക്കൂറിൽ 99 കിലോമീറ്റർ വേഗത്തിൽ സഞ്ചാരം. ഇരുപത്തൊന്നുകാരനായ യുവാൻ സാങ്ങാണു ഡിസൈനർ. വോക്സ് വാഗൺ അക്വ എന്നാണു



കാറിന്റെ പേര്. തിളക്കമേറിയ പുറംചട്ട. നാലു ഫാനുകൾ. കാറ്റു നിറച്ചു വീർപ്പിക്കാവുന്ന എയർ ബാഗുകൾ ഘടിപ്പിച്ചിരിക്കുന്നു. ഹൈഡ്രജൻ ഇന്ധനം ഉപയോഗിക്കുന്ന ബാറ്ററി. രണ്ടു മോട്ടോറുകൾ. കാർബൺഡയോക്സൈഡ് തെല്ലും പുറന്തള്ളുന്നില്ല. പരിസ്ഥിതി സൗഹൃദവാഹനം. ഒരു മോട്ടോർ കാറിനു ചുറ്റിനും ഘടിപ്പിച്ചിരിക്കുന്ന എയർബാഗുകളിൽ കാറ്റു നിറയ്ക്കുമ്പോൾ മറ്റേ മോട്ടോർ കാറിന്റെ മുന്നോട്ടുള്ള സഞ്ചാരം നിയന്ത്രിക്കുന്നു.

ഒരു ജർമ്മൻ കാർ കമ്പനി നടത്തുന്ന വാഹന ഡിസൈനിംഗ് മത്സരത്തിനയയ്ക്കാനാണു യുവാൻ ഇത്തരമൊരു കാർ രൂപകല്പന ചെയ്തത്. ഇപ്പോൾ നിലവിലുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണു കാർ നിർമിച്ചത്.


ചോദ്യങ്ങൾ - വിമർശനങ്ങൾ - അഭിപ്രായങ്ങൾ അറിയിക്കാൻ ☎: 0479-3201787 : 9847232598 : vedabhimani@gmail.com



# അടവുകളും വികല സങ്കല്പങ്ങളും

**ശോ**ഭനമായ ഭാവിയ്ക്ക് അടവുകൾ അനിവാര്യം എന്നു വിശ്വസിക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. രാഷ്ട്രീയ രംഗത്തായാലും സഭാമണ്ഡലത്തിലായാലും അടവുകൾ പ്രയോഗിക്കുന്നതിൽ അല്പസ്വല്പം വ്യത്യാസം ഉണ്ടെങ്കിലും തത്വം ഒന്നുതന്നെ.

പ്രസിഡന്റ് ആകാനും, സെക്രട്ടറിയാകാനും, സൂപ്രണ്ടാകാനും വേണ്ടി നടത്തുന്ന കസേരകളിയ്ക്കു പിന്നിലെ അടവുകൾ കണ്ടാൽ സത്യത്തിൽ സാത്താൻപോലും ലജ്ജിച്ചുതലതാഴ്ത്തും. അമേരിക്കൻ-ഗൾഫ് പര്യടനം തരപ്പെടുത്തുവാൻ പാവം ഉപദേശിമാർ എന്തെല്ലാം അടവുകളാണ് പ്രയോഗിക്കുന്നത്. അങ്ങെത്തിയാലോ പണം തട്ടുവാൻ എന്തെല്ലാം ഗിമ്മിക്കുകൾ. വേദികളിൽ അവസരം കിട്ടുന്നവർ ചുരുക്കം. കിട്ടിയാൽ തന്നെ പ്രതീക്ഷപോലെ പലർക്കും പണം കിട്ടാറില്ല. അതിനാൽ പ്രവചനം എന്ന പേരിൽ വീടുതോറും കയറിയിറങ്ങി ഭൂതം, വർത്തമാനം, ഭാവി പറഞ്ഞും ഇല്ലാത്ത കൃപാവര ങ്ങൾ തക്കയോഗ്യമായി ജ്വലിപ്പിച്ചും-പ്രയോഗിച്ചും ഞരമ്പുരോഗികളായ പെണ്ണുങ്ങളെ കബളിപ്പിച്ചും വശീകരിച്ചും സ്വന്തപക്ഷത്താക്കി കാര്യം കാണുന്നു.



നമ്മുടെ നാട്ടിൻപുറങ്ങളിലെ ലാഢഗുരുക്കളെ നിങ്ങൾ കണ്ടിട്ടുണ്ടോ? അവരുടെ തോളിൽ ഒരു വലിയ സഞ്ചിയും അതിൽ ചെറിയ കുപ്പികളിലായി വിവിധതരം വേദനയ്ക്കുള്ള മരുന്നുകൾ കാണും. ഇവർ മരുന്നുവേണോ-മരുന്ന് എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് നാട്ടിൻപുറങ്ങളിലൂടെ നടക്കും. ഗ്രാമവാസികളിൽ പലരും ഇത്തരം ലാഢഗുരുക്കളെ സമീപിച്ച് തങ്ങളുടെ രോഗത്തിനു ശമനം കണ്ടെത്തുന്നു. ഇന്നത്തെ ക്രിസ്ത്യാനികളും ക്രിസ്തുവിനെ ഇതുപോലൊരു ലാഢഗുരുവായി വേഷമിടുവിച്ചിരിക്കുകയാണ്. രോഗശാന്തി, അത്ഭുതം എന്നീ കുപ്പികളിലെ മരുന്നു വാങ്ങാൻ വിശ്വാസികൾ ഈച്ചപോലെ പൊതിയുന്നു. രക്ഷയുടെ മരുന്നു നിറച്ച കുപ്പി തുറക്കേണ്ട ആവശ്യം നേരിടുന്നില്ല. ഈ മരുന്നിന് വല്ലാത്ത കയ്പ്. പലരും കർത്താവിനെ സമീപിച്ചു പറയുന്നത്, ഞങ്ങളുടെ അപ്പൂപ്പന്റെ കാലം മുതൽതന്നെ ഞങ്ങൾ രക്ഷാകുപ്പിയിലാണെന്നാണ്. ഇന്നു ക്രിസ്തുവിനെ ഇത്തരത്തിൽ ഒരു ലാഢഗുരുവായി ചിത്രീകരിച്ചിരിക്കുകയാണ്. മനുഷ്യന്റെ യഥാർത്ഥ വേദനയ്ക്കുള്ള മരുന്ന് ഇന്നാർക്കും ആവശ്യമില്ല. കാൻസർ വന്നതിന് ചികിത്സിക്കാതെ ചൊറിക്കു മരുന്നു പുരട്ടുകയാണു പലരും. ആത്മാവിന്റെ നിത്യത ഇന്നു പലർക്കും ഒരു നേരത്തെ ആഹാരത്തിലും വില കുറഞ്ഞതായിരിക്കുന്നു.

ദൈവത്തെക്കുറിച്ച് മനുഷ്യന് എന്തെല്ലാം വികല സങ്കൽപ്പങ്ങൾ! അപ്പത്തിനു വേണ്ടിമാത്രം ആമേൻ പറയുന്ന ഭക്തർ. കുറച്ചു കൺകെട്ടു പരിപാടികളുടെ ഉടമയായി ക്രിസ്തുവിനെ ചിത്രീകരിക്കുന്ന കൃപാവരപ്രാപ്തർ. മുന്തിയ രോഗസൗഖ്യം വിളിച്ചോതുന്ന ബൈബിൾ കൺവൻഷനുകൾ. രക്ഷാദൂതിനേക്കാൾ ഇന്ന് പണം കിട്ടുന്നത് രോഗസൗഖ്യം വിളിച്ചുപറയുന്നതിനാണ്. ക്രിസ്തു ഇത്തരം വികല വിശ്വാസം കണ്ട് മടുത്തിരിക്കുന്നു. അധരചർവ്വണം നടത്തി ദൈവത്തിന്റെ വേലക്കാരാകുന്ന വേലവെപ്പുകാർ. രോഗസൗഖ്യം നൽകാൻ വീടുകൾതോറും തുള്ളിച്ചാടി നടക്കുന്ന പ്രവാചകഗണം. ക്രിസ്തു വച്ചുനീട്ടുന്ന നിത്യജീവന്റെ പേരിൽ കൊട്ടാരവാസം നടത്തുന്ന സഭാതനയർ. പണത്തിന്റെ പെരുപ്പത്തിൽ തമ്മിൽ തിരിച്ചറിയാത്ത വിശ്വാസികൾ. ഇത്തരുണത്തിൽ അബ്ശാലോമിന്റെ അടവുകളാണ് മനസിൽ ഓടിയെത്തുന്നത്.. "അങ്ങനെ അബ്ശാലോം യിസ്രായേല്യരുടെ ഹൃദയം വശീകരിച്ചുകളഞ്ഞു" എന്നാണ് കാണുന്നത്. എങ്ങനെ? നേരായമാർഗ്ഗത്തിലൂടെയാണോ? അല്ല അടവുകളിലൂടെ. പണം, പ്രശസ്തി, ജനസ്വാധീനം, പൊതുജനപിന്തുണ എന്തിന് നിലനിൽപ്പിനുവേണ്ടിപോലും നേതാക്കന്മാർ തുടങ്ങി സാദാ ഉപദേശിമാർ വരെ അബ്ശാലോമിന്റെ രാഷ്ട്രീയ അടവുകൾ പ്രയോഗിക്കുന്നു. എന്നെ ഇത്രത്തോളമാക്കിയത് ദൈവമാണെന്ന് സാക്ഷ്യം പറയുന്നവർപോലും അബ്ശാലോമിനെപോലെ ഇന്ന് പാഴ്പണികളിൽ ഏർപ്പെട്ടിരിക്കുകയാണ്. ബുദ്ധിമാനായിരുന്ന-അടവുകൾ തന്ത്രപൂർവ്വം ആവിഷ്കരിച്ച് പ്രയോഗിക്കുന്നതിൽ അഗാധ വ്യുത്പത്തിനേടിയ അബ്ശാലോം അവസാനം പരാജയപ്പെട്ടുപോയി എന്ന സത്യം നാം വിസ്മരിക്കരുത്. അബ്ശാലോം തന്റെ പിതാവിനോടു ചെയ്ത ദ്രോഹം നിമിത്തം ഇവനുശേഷം യഹൂദന്മാർ ഈ പേര് ഒരിക്കലും ഉപയോഗിച്ചിട്ടില്ല. യാതൊരു യോഗ്യതയും, അർഹതയും ഇല്ലാതെ ദൈവം ആക്കിവെയ്ക്കേണ്ട സ്ഥാനത്ത് അടവുകൾ പ്രയോഗിച്ച് കയറിപ്പറ്റി അവിടെ അള്ളിപ്പിടിച്ചിരിക്കുന്ന ചെറിയ മനുഷ്യരെ കാണുമ്പോൾ സാധാരണ ജനത്തിന് അവജ്ഞ തോന്നുന്നുവെങ്കിൽ സർവ്വശക്തനായ ദൈവത്തിന്റെ നിലപാട് എന്തായിരിക്കും എന്ന് ചിന്തിച്ചു നോക്കുക.

ഭാവിക്കേണ്ടതിനുമീതെ ഭാവിക്കുന്നത് ശിക്ഷാർഹമായ പാപമാണ്. ഉയർച്ച ഒരു പരിധിവരെ എല്ലാവരും ആഗ്രഹിക്കുന്നു. എന്നാൽ ദൈവത്താലല്ലാതെ തന്നെത്താൻ ഉയർത്തുന്നവർ ഒരിക്കൽ താഴ്ത്തപ്പെടും-അവഹേളിക്കപ്പെടും. നിരന്തരം ആരാധിച്ചുകൊണ്ടിരുന്ന മഹനീയ പദവി വെടിഞ്ഞ് ദൈവസിംഹാസനം ആഗ്രഹിച്ച ലൂസിഫർ വേട്ടേറ്റു നാശകൂപത്തിന്റെ അടിയിലേക്ക് വീണു (യെശയ്യാ. 14:12-14) കല്പിച്ചിട്ടില്ലാത്ത, അർഹതയില്ലാത്ത ശുശ്രൂഷ ചെയ്ത നാദാബിനെയും, അബീഹുവിനേയും തൽക്ഷണം ദൈവസന്നിധിയിലെ തീ ദഹിപ്പിച്ചുകളഞ്ഞു എന്നോർക്കണം (ലേവ്യ. 10:1,2). മഹാപുരോഹിതന്റെ സ്ഥാനം മോഹിച്ച കോരഹും കൂട്ടരും അസാധാരണ ന്യായവിധിയിൽ പെട്ടു എന്നു കാണുന്നു (സംഖ്യ. 16:1-5). പുരോഹിതൻ ചെയ്യേണ്ട യാഗം ധൈര്യപ്പെട്ടു ചെയ്ത ശൗലിന് നഷ്ടപ്പെട്ടത് രാജത്വമാണ് (2 ശമു. 13:8-14). ഉസായുടെ അവിവേകത്താൽ സംഹാരം (2 ശമു. 6:1-7) ആണ് നടന്നതെങ്കിൽ ഉസിയാവിന്റെ ലംഘനത്താൽ രാജത്വം നഷ്ടമായി എന്നു മാത്രമല്ല മരണം വരെ കുഷ്ഠരോഗിയായി ഏകനായി പാർക്കേണ്ടിവന്നു (2 ദിന. 16:23). അപകടം ഒഴിവാക്കുവാനുള്ള മുന്നറിയിപ്പുകളായി-നമ്മുടെ ബുദ്ധിയുപദേശത്തിനായിട്ടാണ് വേദപുസ്തകത്തിൽ ഇക്കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ചെയ്യേണ്ടതിനെ ചെയ്യാതെയും ചെയ്യരുതാത്തതിനെ ചെയ്തുമിരിക്കുന്ന പാപത്തിനറുതിവരുത്തേണ്ടതാവശ്യം.

ദൈവത്തെ മഹത്വപ്പെടുത്തുകയായിരുന്നു യേശുവിന്റെ ജീവിതലക്ഷ്യം. ക്രൂശിനു പിറകിൽ മറഞ്ഞുകൊണ്ട് സകലമഹത്വവും ദൈവത്തിനർപ്പിച്ച പൗലോസിനെ അവൻ നീതിയുടെ കിരീടമണിയിക്കും. എന്നാൽ ഇത് ഞാൻ എന്റെ ധനമാഹാത്മ്യത്തിൽ എന്റെ പ്രതാപ മഹത്വത്തിനായി പണിത മഹതിയാം ബാബേൽ അല്ലയോ എന്നു പറയുന്ന അഹങ്കാരിയെ അവൻ നിലത്തുകിടത്തി പുല്ലുതീറ്റും, ദൈവമഹത്വം നമ്മുടേയും ലക്ഷ്യമായി കരുതിയാൽ അവൻ തനിക്കുള്ള മഹത്വത്തിൽ നമ്മേയും ഇരുത്തും.

അടവുകൾ പയറ്റി മഹത്വം - അധികാരം - കരഗതമാക്കിയവനെ ലോകർ പ്രകീർത്തിച്ചു എന്നുവരാം. അത് താൽക്കാലികവും അവന്റെ വീഴ്ച ഭയങ്കരവുമായിരിക്കും എന്നു നാം അറിഞ്ഞിരിക്കണം. എന്നാൽ ശുദ്ധമനസാക്ഷിയോടെ ജീവിക്കുന്നു എങ്കിൽ ലോകം ഭോഷനായി കണ്ടാലും ഭാരപ്പെടേണ്ടതില്ല. ദൈവം അതിന് വിലകൽപ്പിക്കുന്നുണ്ട്. തീർച്ചയായും ദൈവം അതിന് പ്രതിഫലം തരും. അടവുകൾ പയറ്റി നേടിയവിജയത്തിന് ലോകം മകുടം ചാർത്തി എന്നുവരാം. എന്നാൽ ദൈവം വിശ്വസ്തതയ്ക്കാണ് കിരീടം നൽകുന്നത്.

ആകയാൽ ഞെളിയാതെ ഭയപ്പെട്ട് ദൈവഹിതപ്രകാരമുള്ള ശുശ്രൂഷ ചെയ്ത് ദൈവത്തിനും ദൈവസഭയ്ക്കും കൊള്ളാവുന്ന മാനപാത്രങ്ങളായി വിളങ്ങുവാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കട്ടെ.

വേദാഭിമാനി
MARCH

ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി

മാനേജർ
ഏബ്രഹാം മത്തായി (സണ്ണി)

പബ്ലിഷർ
കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ

കോ-ഓർഡിനേറ്റർ
തോമസ് വർക്കി

വാർഷിക വരിസംഖ്യ
ഇന്ത്യ -Rs. 100
യു.എസ്.എ. -$25
മറ്റു രാജ്യങ്ങൾ -Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
വേദാഭിമാനി
കേരള-690 516




# കുർബ്ബാനയും കർത്തൃമേശയും

**വർഗ്ഗീസ് തോമസ്**

കുർബ്ബാനയ്ക്കിടയിൽ നൽകുന്ന ചെറിയ ഓസ്തി ഭക്ഷിക്കുന്ന ഒരു വ്യക്തിയുടെ ഹൃദയത്തിൽ ഓസ്തിയിൽ, വസിക്കുന്ന യേശു കടന്നു വരുമെന്നും ഓസ്തി (അപ്പം) വസ്തുമാറ്റത്തിലൂടെ ക്രിസ്തുവിന്റെ ശരീരമാകുന്നതിനാൽ ഓസ്തി കടിക്കരുതെന്ന അന്ധവിശ്വാസവും റോമൻ സഭയിലുണ്ട്. ഈ വിശ്വാസവും ധാരണയും ദൈവവചനത്തിനു നിരക്കുന്നതല്ല.

യേശുക്രിസ്തു പറഞ്ഞത്: ഇത് നിങ്ങൾക്കു വേണ്ടി നൽകുന്ന എന്റെ ശരീരം എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവീൻ എന്നാണ് (ലൂക്കോ. 22:19). ഒരു ബലിയായി ഇത് ആവർത്തിക്കാൻ കർത്താവ് ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. അപ്പത്തിന് ശരീരമെന്നും വീഞ്ഞിന് രക്തമെന്നും പ്രതീകാത്മകമായാണ് പറഞ്ഞിരിക്കുന്നത്. അല്ലെന്നുണ്ടെങ്കിൽ നരഭോജികളായി നാം മാറേണ്ടിവരും. അവന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുക എന്നതിന് തികച്ചും പ്രതീകാത്മകവും ആത്മീയവുമായ അർത്ഥമാണുള്ളത്. ക്രിസ്തുവുമായുള്ള സജീവവും വ്യക്തിപരവുമായ കൂട്ടായ്മയേയും ക്രിസ്തുയേശുവിന്റെ മരണത്തേയും പീഢാനുഭവത്തെയും മഹാ ത്യാഗത്തെയും ഇതു കാണിക്കുന്നു. യേശു പറഞ്ഞത് യാഗത്തിലല്ല കരുണയിലത്രെ ഞാൻ പ്രസാദിക്കുന്നത് (മത്തായി 9:13) എന്നാണ്. കുർബ്ബാനയിൽ റോമൻ സഭ ഉപയോഗിക്കുന്ന ഓസ്തി അഥവാ അപ്പം അവർക്ക് ഒരാരാദ്ധ്യവസ്തുവാണ്. അവർ അതിനെ ആരാധിക്കുന്നു. ഇതു വചനാനുസരണമല്ല. ഈ ചെറിയ ഓസ്തിയെ ലത്തീനിൽ Eucharist എന്നു പറയും. ഇതിന് മറ്റൊരു ക്രിസ്തു എന്നും അർത്ഥം വരും.

കത്തോലിക്കാ സഭയിൽ ഇന്നു നിലവിലുള്ള ഈ ഓസ്തി അഥവാ വൃത്താകൃതിയിലുള്ള ഈ അപ്പത്തിന്റെ ആചാരം ക്രിസ്തുവിന് വളരെമുമ്പ് ഉണ്ടായിരുന്നതാണ്. വിചിത്രമായ ഒരു ചരിത്രം ഇതിന്റെ പുറകിൽ ഉണ്ട്. സെമിരാമീസിന്റെ പുത്രൻ സൂര്യാവതാരമാണെന്നാണല്ലോ വിശ്വസിക്കപ്പെട്ടിരുന്നത്. ഈ സൂര്യാവതാരം മനുഷ്യർക്കു പോഷണം നൽകുന്ന ധാന്യംകൂടെയാണെന്ന് വ്യാഖ്യാനിക്കപ്പെട്ടു. സൂര്യനും അപ്പവും അവരുടെ ആചാരത്തിന്റെ ഭാഗങ്ങളായി മാറി. സൂര്യപ്രതിമ ഉണ്ടാക്കുന്നതിനു വൃത്താകാരം പോലെ യോജിച്ച ആകൃതി വേറെ ഇല്ലായിരുന്നു. ഇത് അപ്പത്തിന്റെ രൂപമാണ്. ഇങ്ങനെ നിർമ്മിക്കപ്പെടുന്ന അപ്പത്തിനുള്ളിൽ നീമ്രോദിന്റെ പുരോഹിതന്മാർക്ക് സൂര്യദേവനെ വരുത്തുവാൻ ശക്തിയുണ്ടെന്നും ഈ അപ്പം ഭക്ഷിക്കുന്നവർക്ക് തങ്ങളുടെ ആത്മാവിനെ പോഷിപ്പിക്കുവാൻ കഴിയുമെന്നും അവർ പഠിപ്പിച്ചു. അവരുടെ ത്രിത്വദൈവത്തിന്റെ ISIS, HORUS, SEB (മാതാവ്, ശിശു, ദേവപിതാവ്) പേരുകളുടെ ആദ്യ അക്ഷരങ്ങൾ (I.H.S) അപ്പത്തിന്മേൽ രേഖപ്പെടുത്തിയിരുന്നു. ഈ ബാബിലോണ്യ ആചാരമാണ് റോമൻ കത്തോലിക്കർ അനുകരിച്ചത്. റോമൻ സഭക്കാരുടെ ഓസ്തിയിലും (I.H.S) എന്ന ചിഹ്നം കാണാം. പക്ഷെ, അത് ത്രിത്വസൂചന അനുസരിച്ചല്ല. മനുഷ്യരക്ഷകനായ യേശു എന്ന അർത്ഥം വരുന്ന (Jesus Hominum Salvator) ലത്തീൻ പദങ്ങളുടെ ആദ്യാക്ഷരങ്ങൾ എന്ന നിലയിലാണ്. ബാബിലോണ്യ ആചാരത്തിന്റെ ഒരു കത്തോലിക്കാ സംവിധാനമാണത്. യിസ്രായേൽ പിന്മാറ്റസമയത്തു വെള്ളികൊണ്ടുള്ള സൂര്യബിംബത്തെ ഉണ്ടാക്കി ആരാധിച്ചിരുന്നു. എന്നാൽ യോശിയാരാജാവിന്റെ നവീകരണ സമയത്ത് ഇത് ഉടച്ചു കളയപ്പെട്ടു എന്ന് വേദപുസ്തകം പറയുന്നു (2 ദിന. 34:4).

കത്തോലിക്കർ ഇപ്രകാരം വൃത്താകൃതിയിൽ അപ്പമുണ്ടാക്കി അത് സൂര്യാകൃതിയിലുള്ള ഒരു അരുളിയ്ക്കുള്ളിൽ വെച്ച് പ്രതിഷ്ഠിക്കുകയും ആരാധിക്കുകയും ചെയ്യുന്ന പതിവുണ്ട്. ഒരു വ്യക്തി കുർബ്ബാന കൈക്കൊള്ളണമെങ്കിൽ അതിനുമുമ്പ് കുറഞ്ഞത് ഒരു മണിക്കൂർ നേരത്തേക്ക് ഒരു ഭക്ഷണ പദാർത്ഥവും കഴിക്കാൻ പാടില്ല എന്ന ധാരണയുണ്ട്. Sincere Christian Vol II sect III p.34ൽ ബിഷപ്പ് ഫെയ് പറയുന്നത് ശ്രദ്ധിക്കുക. കുർബ്ബാന കൈക്കൊള്ളുന്നതിനുമുമ്പ് രാത്രി പന്ത്രണ്ടുമണി മുതൽ ഭക്ഷണപാനീയങ്ങളോ മരുന്നുകളോ നമ്മുടെ ഉദരത്തിലേക്കു പ്രവേശിച്ചിരിക്കാതവണ്ണം നാം ഉപവസിക്കണമെന്നുള്ളതു ഒഴിച്ചുകൂടാത്ത സംഗതിയാണ്." ഈ ആചാരങ്ങളൊന്നും വേദപുസ്തക അടിസ്ഥാനത്തിലും അപ്പോസ്തലന്മാർ പഠിപ്പിച്ച വിധത്തിലും അല്ല. ആദ്യ നൂറ്റാണ്ടിൽ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ച വിശ്വാസികൾ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ കൂടിവന്ന് അപ്പം നുറുക്കുക പതിവായിരുന്നു. ആദിമ ക്രൈസ്തവ സഭയുടെ ഈ ശുശ്രൂഷയെ സംബന്ധിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അ.പ്ര. 2:42). 1 കൊരി. 11–ാം അദ്ധ്യായത്തിൽ 23 മുതൽ 30 വരെയുള്ള വേദഭാഗത്തിൽ അപ്പം നുറുക്കലിനെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നതാണ് ഈ അപ്പം നുറുക്കിയുള്ള കൂട്ടായ്മ. ക്രിസ്തുവിന്റെ മരണത്തിന്റെ ആവർത്തനമല്ല. ക്രിസ്തുവിന്റെ മരണത്തിന്റെ ഓർമ്മ മാത്രമാണത്. ദൈവസഭ ക്രിസ്തുവിന്റെ രണ്ടാം വരവുവരെ ഇതനുഷ്ഠിക്കേണ്ടതുമാണ്. ഇത് ദിവ്യബലിയോ കുർബ്ബാനയോ അല്ല. കർത്തൃമേശ എന്നോ തിരു അത്താഴമെന്നോ ഉള്ള പേരാണ് വചനാനുസരണം.




# പ്രതീക്ഷയുടെ പ്രകാശം

നാലു മെഴുകുതിരികൾ സാവധാനം കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന സമയം. ചുറ്റും നിറഞ്ഞുനിന്ന കനത്ത നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഒരു മെഴുകുതിരി ക്ഷീണിതമായ സ്വരത്തിൽ പറഞ്ഞു: " ഞാൻ സമാധാനം ആണ്. പക്ഷേ, ഇപ്പോഴത്തെ കാലത്ത് എന്നെ തെളിച്ചുനിർത്തുവാൻ ആർക്കും താല്പര്യമില്ല എന്നുമാത്രമല്ല, എന്റെ വെളിച്ചം കെടുത്തുവാനാണ് പലരും ശ്രമിക്കുന്നത്.

സമാധാനം എന്ന മെഴുകുതിരിയുടെ വിലാപം കേട്ടിട്ട് മറ്റു മെഴുകുതിരികൾ പ്രതികരിച്ചില്ല. അവർ മൗനം പാലിച്ചതേയുള്ളൂ. അപ്പോൾ സമാധാനം തളർന്നവശയായി എന്നവണ്ണം പറഞ്ഞു: "ആർക്കും എന്നെ വേണ്ട. ഞാൻ വേഗം ഇല്ലാതാകട്ടെ!" നിമിഷങ്ങൾക്കുള്ളിൽ ആ മെഴുകുതിരി താനെ അണഞ്ഞു.

അതു കണ്ടപ്പോൾ മറ്റൊരു മെഴുകുതിരി പറഞ്ഞു: "ഞാൻ വിശ്വാസം ആണ്. പക്ഷേ, ഇക്കാലത്ത് ആർക്കുവേണം വിശ്വാസം? എല്ലാവരും എന്നെ തള്ളിപ്പറയാനാണ് ശ്രമിക്കുന്നത്." വിശ്വാസത്തിന്റെ വിലാപം കേട്ടപ്പോഴും ആരും പ്രതികരിച്ചില്ല. മറ്റു രണ്ടു മെഴുകുതിരികളും മൂകരായി നിന്നു. ആരും പ്രതികരിക്കുന്നില്ലെന്നു കണ്ടപ്പോൾ വിശ്വാസം പറഞ്ഞു: "ഞാൻ ഇനി എന്തിനു തെളിഞ്ഞു നിൽക്കണം? ഞാനും സ്വയം ഇല്ലാതാകട്ടെ"

ആ നിമിഷം വിശ്വാസം എന്ന മെഴുകുതിരി അണഞ്ഞു. അപ്പോൾ മൂന്നാമത്തെ മെഴുകുതിരി പറഞ്ഞു: "ഞാൻ സ്നേഹം ആണ്. ഇനി അധികസമയം തെളിഞ്ഞു നിൽക്കുവാനുള്ള ശക്തി എനിക്കില്ല. ആളുകൾ എന്നെ മാറ്റിനിർത്തുന്നു. എന്റെ പ്രാധാന്യത്തെക്കുറിച്ച് അവർക്കറിയില്ല. സ്വന്തക്കാരുടെയും മിത്രങ്ങളുടെയും കാര്യം വരുമ്പോൾ പോലും അവർ എന്നെ അനുസ്മരിക്കുന്നില്ല. ആരും പരിഗണിക്കാത്ത ഞാൻ ഇനി എന്തിനു സ്വയം കത്തി നിൽക്കണം?"

ഒരു മെഴുകുതിരി കൂടി മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. അതു പ്രതികരിക്കുമോ ഇല്ലയോ എന്നുപോലും കാത്തുനിൽക്കാതെ സ്നേഹം എന്ന മെഴുകുതിരി വേഗം സ്വയം അണഞ്ഞു. അപ്പോഴാണ് ഒരു ചെറിയ കുട്ടി ആ മുറിയിലേക്കു കയറിവന്നത്. അണഞ്ഞുപോയ മൂന്നു മെഴുകുതിരികൾ കാണാൻ ഇടയായ അവൻ ചോദിച്ചു:"എന്താണ് തിരികൾ അണഞ്ഞുപോയത്? ഇപ്പോൾ ഒരെണ്ണം മാത്രമേ കത്തുന്നുള്ളല്ലോ."അണയാതെ നിന്ന മെഴുകുതിരി ഇതു കേട്ടപ്പോൾ പറഞ്ഞു:"എന്റെ പേരു പ്രതീക്ഷ എന്നാണ്. മറ്റു തിരികൾ അണഞ്ഞുപോയെങ്കിലും ഞാൻ അണഞ്ഞുപോകില്ല. എന്നുമാത്രമല്ല, അണഞ്ഞുപോയ തിരികൾ കത്തിക്കാൻ ഞാൻ സഹായിക്കാം."

ഇതു കേട്ടയുടനെ ആ ബാലൻ 'പ്രതീക്ഷ' എന്ന തിരിയെടുത്തു മറ്റു മൂന്നു തിരികളെയും വീണ്ടും കത്തിച്ചു. അപ്പോൾ 'പ്രതീക്ഷയുടെ പ്രഭയോടൊപ്പം വിശ്വാസവും സ്നേഹവും സമാധാനവും ആ മുറിയിൽ പ്രകാശം പരത്തി അവനു നവോന്മേഷവും പുതുചൈതന്യവും പകർന്നു.

ജീവിതത്തിന്റെ കുത്തൊഴുക്കിനിടയിൽ നമ്മുടെ ജീവിതത്തിലെ സമാധാനവും സ്നേഹവും വിശ്വാസവുമൊക്കെ നാം അറിയാതെ തന്നെ നമുക്കു നഷ്ടപ്പെട്ടേക്കാം. അപ്പോൾ നമ്മുടെ ജീവിതം അന്ധകാര നിബിഡമായി മാറും. അങ്ങനെയുള്ള നിമിഷങ്ങളിലാണു നാം പ്രതീക്ഷ മുറുകെ പിടിക്കേണ്ടത്. പ്രതീക്ഷ നമ്മോടുകൂടിയുണ്ടെങ്കിൽ അണഞ്ഞുപോയ മറ്റ് എല്ലാ തിരികളും നമുക്കു തെളിയിക്കാൻ സാധിക്കുമെന്നതാണ് അനിഷേധ്യമായ വസ്തുത.

നമ്മുടെ ജീവിതത്തിൽ പ്രതീക്ഷ ഇല്ലെന്നു കരുതുക. അതിന്റെ അർഥം ദൈവത്തിന്റെ സാന്നിധ്യം നമ്മോടുകൂടി ഇല്ല എന്നതാണ്. തന്മൂലം നമ്മുടെ ജീവിതത്തിൽ ദൈവസാന്നിധ്യം ഉണ്ടോ എന്ന് കണ്ടുപിടിക്കുവാനുള്ള ഒരു അളവുകോലാണ് പ്രതീക്ഷ.

നമ്മുടെ ജീവിതത്തിൽ ദൈവസാന്നിധ്യ സ്മരണയില്ലാതെ പ്രതീക്ഷ എന്ന തിരി അണഞ്ഞു പോകുകയാണെങ്കിൽ ആ നിമിഷം തന്നെ നാം ദൈവത്തിലേക്കു തിരിയണം. അപ്പോൾ ദൈവസാന്നിദ്ധ്യം നമ്മിലുണ്ടാകും.

നമ്മുടെ ജീവിതത്തിൽ പ്രതീക്ഷ ഉണ്ടായാൽ അതു ചുറ്റിലുമുള്ളവരുടെ ജീവിതത്തിലും പ്രകാശം പരത്തും എന്നത് എപ്പോഴും നമ്മുടെ ഓർമയിലുണ്ടായിരിക്കട്ടെ. അതായത്, നമ്മിലുള്ള പ്രതീക്ഷ നമുക്കെന്നപോലെ മറ്റുള്ളവർക്കും നവജീവൻ പകരുമെന്നു ചുരുക്കം.

നമുക്കു എപ്പോഴും പ്രതീക്ഷയുള്ള മനുഷ്യരാവാം. നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധി എത്ര ഗൗരവമുള്ളതാണെങ്കിലും പ്രതീക്ഷയുടെ പ്രകാശം പരത്തിക്കൊണ്ടു നമുക്കതിനെ നേരിടാം. അപ്പോൾ നാം വിജയിക്കുക തന്നെ ചെയ്യും.

**ജെ.പി. ദീപിക**





## കുഞ്ഞൻ തൊഴിലാളി!

**ലോ**കത്തിലെ 'ഏറ്റവും ചെറിയ' തൊഴിലെടുക്കുന്ന നായയ്ക്ക് ഗിന്നസ് അംഗീകാരം. അമേരിക്കക്കാരിയായ ലൂസിയാണ് ഈ കുഞ്ഞൻ റിക്കാർഡുകാരി. വെറും ആറിഞ്ചാണ് ലൂസിയുടെ നീളം ഒന്നേകാൽ കിലോ പോലുമില്ല തൂക്കം. ഈ മൂന്നുവയസ്സുകാരിക്ക് ജോലി എവിടെയാണെന്നല്ലേ? അമേരിക്കയിലെ ലീഷസ് ഓഫ് ലവ് എന്ന തെറാപ്പി പ്രോഗ്രാമിൽ. ആസ്പത്രികൾ, നഴ്സിങ് ഹോമുകൾ, പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ പോയി രോഗികളെ ആശ്വസിപ്പിക്കുക എന്നതാണ് യോക്ക്ഷയർ ടെറിയർ ജനുസ്സിൽപ്പെട്ട ലൂസിയുടെ ജോലി!




## പ്രസിഡന്റിന്റെ പേടി

**ലോ**കത്തിൽവെച്ച് ഏറ്റവും കൂടുതൽ മാസശമ്പളം വാങ്ങുന്നവരിൽ ഒരാൾ അമേരിക്കൻ പ്രസിഡന്റ് തന്നെയായിരിക്കും . എന്നാൽ എല്ലാ സൗകര്യങ്ങളുണ്ടായിട്ടും ഒരു സ്വിച്ചിടാൻ പ്രത്യേകമായി എഞ്ചിനീയറെ നിയമിച്ച അമേരിക്കൻ പ്രസിഡന്റിനെക്കുറിച്ച് കേട്ടിട്ടുണ്ടോ?



അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ വൈറ്റ്ഹൗസ് 1891-ലാണ് വൈദ്യുതീകരിച്ചത്. എന്നാൽ അന്നത്തെ പ്രസിഡന്റായിരുന്ന ബെഞ്ചമിൻ ഹാരിസണ് വൈദ്യുതിയെ വലിയ പേടിയായിരുന്നു! ഒരു സ്വിച്ചിടാൻ പോലും പ്രസിഡന്റിന് ഭയമായിരുന്നു!

ഷോക്കേറ്റെങ്ങാനും താൻ മരിച്ചുപോയാലോ എന്നായിരുന്നു പ്രസിഡന്റിന്റെ പേടി. പല ദിവസങ്ങളിലും മെഴുകുതിരി കത്തിച്ചുവെച്ച് രാത്രി കഴിച്ചുകൂട്ടേണ്ട ഗതികേട് പ്രസിഡന്റിനും കുടുംബത്തിനുമുണ്ടായി! ഇതിന് പരിഹാരമായി അദ്ദേഹം ഒരു പുതിയ എഞ്ചിനീയറെ നിയമിച്ചു. എന്തിനാണെന്നല്ലേ? തന്റെ വീട്ടിലെ സ്വിച്ചിടാൻ തന്നെ!

## ഇംഗ്ലീഷ്–ഇംഗ്ലീഷ്




**കൂ**ട്ടുകാർ ക്ലാസിൽ ഇംഗ്ലീഷ് ഗ്രാമറൊക്കെ കാര്യമായി പഠിക്കുന്നുണ്ടാവുമല്ലോ? ഇംഗ്ലീഷ് ഗ്രാമറിൽ ചില സൂത്രങ്ങളുണ്ട്. ഒരു സൂത്രം ഇത്തവണ പറഞ്ഞുതരാം.

സജി വീട്ടിൽ ഇല്ല. ഈ വാചകം ഇംഗ്ലീഷിലേക്കു മാറ്റി നോക്കൂ.

എത്ര സിമ്പിൾ, Saji is not in house അല്ലേ? പക്ഷേ ഒന്നുകൂടി ശ്രദ്ധിച്ചു നോക്കൂ. എവിടെയോ ഒരു ചെറിയ പിശക് കാണുന്നില്ലേ?

തീർച്ചയായും! ഇവിടെ in എന്ന 'പ്രിപ്പോസിഷന്' പകരം at ആണ് ഉപയോഗിക്കേണ്ടത്. അതായത് Saji is not at house എന്ന് വേണമെന്നു ചുരുക്കം.

അങ്ങനെയാണെങ്കിൽ സജി കേരളത്തിൽ ഇല്ല എന്നായാലോ? Saji is not at Kerala എന്നാകും അല്ലേ. എങ്കിൽ തെറ്റി. ഇവിടെ വേണ്ടത് saji is not in keralaഎന്നാണ്.

ഇപ്പോൾ ഒരു സംശയം വരും, സജി വീട്ടിലില്ല എന്ന വാചകത്തിൽ at ഉം, കേരളത്തിൽ ഇല്ല എന്ന വാചകത്തിൽ in ഉം ഉപയോഗിച്ചത് എന്തുകൊണ്ടാണെന്ന്!

അതിന്റെ ഗുട്ടൻസ് വേറെയാണ്. വീട്, ഗ്രാമം, ചെറിയ പട്ടണങ്ങൾ എന്നിവയ്ക്കൊപ്പം ഉപയോഗിക്കേണ്ടത് at ആണ്. എന്നാൽ കൺട്രി, സ്റ്റേറ്റ്, വലിയ നഗരങ്ങൾ എന്നിവയ്ക്കാകട്ടെ 'in' ആണ് വേണ്ടത്. അതായത് 'My brother lives at shornur' എന്നത് ശരിയായ വാചകമാണ്. കാരണം ഷൊർണൂർ ചെറിയ പട്ടണമാണ്. എന്നാൽ വലിയ നഗരമായ കൊൽക്കൊത്തയെ പറ്റിയാണെങ്കിൽ My brother lives in Kolkata എന്നുതന്നെ പറയണം.

'ഇന്ന് വൈകുന്നേരം' എന്നതിന് ഇംഗ്ലീഷിൽ എന്തു പറയും? Today Evening എന്നല്ലേ? പക്ഷേ, ഈ പ്രയോഗം തെറ്റാണ്. This evening മതി. Today morning വേണ്ട. This morning മതി. ഇന്ന് രാത്രി Today night അല്ല, Tonight ആണെന്നറിയാമല്ലോ. അതുപോലെ ഇന്നലെ രാത്രി, Yesterday night അല്ല, Last night ആണ്.





ഡോ. കെ.എസ്.കെ.

**ദൈ**വം എവിടെയെന്നന്വേഷിച്ച് അലഞ്ഞുനടക്കുന്നു ചിലർ. വേറെ ചിലർ ദൈവത്തെ സൗകര്യത്തിനുകിട്ടിയാൽ തട്ടിക്കളയാൻ തക്കം നോക്കിയിരിക്കുന്നു! മറ്റുചിലർ ദൈവം മരിച്ചുപോയി എന്നു ചരമപ്രസംഗം നടത്തുന്നു.

അജ്ഞേയവാദത്തിലേക്കും നിരീശ്വരവാദത്തിലേക്കും ചിലർ മുഖംകുത്തി വീഴുന്നതുകണ്ട് അമേരിക്കൻ ശാസ്ത്രജ്ഞനായ ഡോ. എ. ക്രെസിമോറിസൺ ഒരു ഗ്രന്ഥം രചിച്ചു. Man doesnot stand alone എന്നാണ് പേര്. അതിലെ ചില വാചകങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു: "ഇരുപത്തിമൂന്നു ഡിഗ്രി കോണിൽ സംവിധാനം ചെയ്തിരിക്കുന്ന ഭൂമിയുടെ ചെരിവാണ് കാലാവസ്ഥകൾക്കു കാരണം. ഈ ചരിവില്ലായിരുന്നുവെങ്കിൽ നീരാവി വടക്കോട്ടും തെക്കോട്ടും സഞ്ചരിച്ച് ഭൂഖണ്ഡങ്ങളെല്ലാം മഞ്ഞുകൊണ്ടു മൂടിയേനെ. ഇപ്പോഴുള്ള ദൂരത്തിനുപകരം ചന്ദ്രനും ഭൂമിയും തമ്മിലുള്ള അകലം വെറും അമ്പതിനായിരം മൈലാണെന്നു സങ്കൽപ്പിക്കുക. എങ്കിൽ വേലിയേറ്റങ്ങൾ ഭൂഖണ്ഡങ്ങളെ മുഴുവനും ദിവസത്തിൽ രണ്ടുപ്രാവശ്യം വീതം മുക്കിക്കളിപ്പിച്ചേനെ. ഭൂമിയുടെ ഉപരിതലത്തിനു വെറും പത്തടി മാത്രമേ കട്ടിയുണ്ടായിരുന്നുള്ളു എങ്കിൽ ഓക്സിജൻ എന്ന വാതകം ഭൂമുഖത്ത് കണികാണില്ലായിരുന്നു. എങ്കിൽ ജന്തുലോകത്തിന്റെ കാര്യം കഷ്ടത്തിലായേനെ. ഇനി കടലിന് കുറെ അധികം താഴ്ച ഉണ്ടെന്നിരിക്കട്ടെ എങ്കിൽ കാർബൺഡയോക്സൈഡും ഓക്സിജനും പൂർണ്ണമായി ആഗിരണം ചെയ്യപ്പെടുകയും അതോടെ സസ്യജീവൻ അപ്രത്യക്ഷമാവുകയും ചെയ്യും. അദ്ദേഹം ഗ്രന്ഥം ഉപസംഹരിക്കുകയാണ്: "അചഞ്ചലമായ ഗണിതശാസ്ത്ര തത്വങ്ങളിൽ നിന്നും നമുക്ക് തെളിയിക്കുവാൻ കഴിയും. നമ്മുടെ വിശ്വം ആസൂത്രണം ചെയ്യപ്പെട്ടതും സൃഷ്ടിക്കപ്പെട്ടതും അസാമാന്യമായ ഒരു പ്രതിഭയാലാണെന്ന്.

പ്രപഞ്ചവും പ്രപഞ്ചനിയമവും നിലനിൽക്കുന്നതിനെപ്പറ്റി ആലോചിക്കുന്തോറും അവയെ സൃഷ്ടിച്ചുപരിരക്ഷിക്കുന്ന ഒരു മഹാശക്തിയെപ്പറ്റി ഞാൻ ചിന്തിച്ചുപോകുന്നു. അങ്ങനെ ഒരു പ്രപഞ്ചശിൽപ്പി ഇല്ലാത്ത പ്രപഞ്ചത്തെ എനിക്കു സങ്കൽപ്പിക്കുവാൻ സാദ്ധ്യമല്ല എന്നു പറഞ്ഞ ഐൻസ്റ്റീനും, പരമാണുവിന്റെ ഹൃദയത്തെപ്പറ്റി വിശദമായി മനസ്സിലാക്കാൻ സാധിക്കുന്ന നിമിഷത്തിൽ തന്നെ നമുക്ക് ഈശ്വരനേയും അടുത്തറിയുവാൻ കഴിയും എന്നു പഠിപ്പിച്ച ഡോ. സി. വി. രാമനും, ആകാശത്തെ നോക്കീട്ട് ദൈവമുണ്ടെന്നു ബോധിക്കാത്ത മഠയൻ ഏതാണ്? എന്നു ചോദിച്ച സിസറോയും, പ്രകൃതിയുടെ ഘടന ബുദ്ധിമാനായ ഒരു സൃഷ്ടികർത്താവിന്റെ ആവശ്യകതയെ സ്പഷ്ടമാക്കുന്നുവെന്ന് പ്രഘോഷിച്ച ഡേവിഡ് ഹ്യൂംസും, ദൈവം എന്റെ കൺമുമ്പിൽക്കൂടി കടന്നുപോകുന്നതു ഞാൻ കണ്ടു. എന്റെ കണ്ണഞ്ചിപ്പോയി എന്ന്, അത്ഭുതകരമായ സസ്യവൈവിദ്ധ്യങ്ങളും അവയുടെ പ്രവർത്തനങ്ങളും കണ്ടുകൊണ്ട് വിളിച്ചുപറഞ്ഞ സസ്യശാസ്ത്രജ്ഞനായ ലീനേയും നമുക്ക് കൈചൂണ്ടി കാണിച്ചുതരുന്നുണ്ട് ദൈവം എവിടെയാണെന്ന്. ഹോമർ തന്റെ ഒഡിസ്സിയിൽ എഴുതി:ഓരോ മനുഷ്യനും ദൈവത്തിനു വേണ്ടി വിശക്കുന്നു എന്ന്. ആ വിശപ്പടക്കണമോ? എങ്കിൽ ഒരു കാര്യം ചെയ്യൂ, കണ്ണൊന്നു തുറക്കൂ. നല്ലപോലെ നോക്കൂ; മുൻവിധി മാറ്റി വസ്തുതകളെ വസ്തുതകളായി അംഗീകരിക്കാൻ തയ്യാറാകൂ. അപ്പോൾ കാണാം ദൈവത്തെ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# സാത്താനെ അതിജീവിക്കൽ

സിസിൽ എം. ജെ.

നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാച് തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു" (വെളി. 12:10-12.

കുഞ്ഞാടിന്റെ രക്തം. സാത്താന്റെ മേലുള്ള ജയം മുൻനിശ്ചയിച്ചുറപ്പിച്ചതായ ഒരു സംഭവമായിരുന്നു. ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തിൽ തന്റെ സ്വന്തരക്തം ചീന്തിയതിലൂടെയാണ് സാത്താനെ ജയിച്ചത്. സാത്താനെ കീഴ്പ്പെടുത്തുവാൻ പാപരഹിതമായ മരണം സാദ്ധ്യമാക്കിയതു യേശുക്രിസ്തുവായിരുന്നു.

അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു; വാഴ്ച്ചകളെയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ച്ചയാക്കി (കൊലോ. 2:14-15) തന്റെ മരണത്താൽ പിശാചിനെ നശിപ്പിക്കേണ്ടതിന്നത്രേ അവൻ ജഡവും രക്തവും സ്വീകരിച്ചത് (എബ്രാ. 2:14). സാത്താന്റെ ശക്തി പാപത്തിലും അതിലൂടെ മനുഷ്യരെ അടിമകളാക്കി മരിപ്പിക്കുന്നതിലും ആണ്. എന്നാൽ യേശുക്രിസ്തുവിൽ പാപമോചനമെന്ന വീണ്ടെടുപ്പ് അവന്റെ രക്തം മൂലം നമുക്ക് ഒരുക്കിതീർത്തു. അതു നമ്മെ പാപരഹിതവും സാത്താന്റെ കീഴിൽ നിന്നു സ്വതന്ത്രവുമായ ഒരു ജീവിതം നല്കുന്നു.

"ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡീകങ്ങളല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി" (2 കൊരി. 10). ജഡം ആത്മാവിനു വിരോധമാണ്; ജഡം പ്രാകൃതമാണ്. പഴയ നിയമത്തിൽ യെശയ്യാവ് പറയുന്നതു ഇതിനോട് യോജിക്കുന്നു. "മിസ്രയീമ്യർ ദൈവമല്ല, മനുഷ്യരത്രേ, അവരുടെ കുതിരകൾ ആത്മാവല്ല, ജഡമത്രേ; യഹോവ തന്റെ കൈ നീട്ടുമ്പോൾ സഹായിക്കുന്നവൻ ഇടറുകയും സഹായിക്കപ്പെടുന്നവൻ വീഴുകയും അവരെല്ലാവരും ഒരുപോലെ നശിച്ചുപോകയും ചെയ്യും (യെശയ്യാവ് 31:3). ആത്മാവിന്റെ ആയുധം വീര്യമുള്ളത്, ആത്മാവിന്റെ വാളായ ദൈവവചനമാണ് അതിശക്തിയായത്. (എഫെ. 6:17 വിശ്വസിക്കുന്ന ഏവർക്കും രക്ഷക്കായുള്ള ദൈവശക്തിയാണ് സുവിശേഷം റോമർ 1:16).

ജീവനും ചൈതന്യവും ശക്തിയുമുള്ള ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതാണ് ദൈവവചനം (എബ്രാ. 4:12). അടിമകൾ സ്വാതന്ത്ര്യത്തിലേക്കു തിരിയുന്നതു സത്യം അറിയുന്നതുകൊണ്ടാണ് (യോഹ. 8:32). നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ ഉൾനട്ടതു വചനമാണ് (യാക്കോ. 1:21). സുവിശേഷമെന്ന ദൈവവചനത്തിനു മുന്നിൽ നിൽപാൻ പിശാചിനു ഇപ്പോഴും കഴിയുകയില്ല. കാരണം ഇന്നും ദൈവശക്തി അടങ്ങുന്ന ഒന്നാണ് തിരുവെഴുത്ത്.

അവർ മരണത്തിനായി തങ്ങളുടെ ജീവിതങ്ങളെ സ്നേഹിച്ചില്ല എന്നുള്ളതാണ് സാത്താനെ അതിജീവിക്കാൻ പ്രാപ്തമായ പ്രധാന ഘടകമായി പാരമ്പര്യ ക്രിസ്ത്യാനികളിൽ നാം ദർശിക്കുന്നത്. അവരുടെ വിശ്വാസം പ്രസംഗിക്കുമ്പോഴും ക്രിസ്തുവിനെ പിൻപറ്റുമ്പോഴും ക്രിസ്തുവിനോടുള്ള അവരുടെ സമർപ്പണവും തങ്ങളുടെ പ്രാണനെ വിലമതിക്കാതെയുള്ള അർപ്പണബോധവും ശക്തമായ ഒരു ചെറുത്തു നിൽപ്പും അവരിൽ ഉണ്ടായിരുന്നു. വെള്ളനിലയങ്കി ധരിച്ച എണ്ണിക്കൂടാത്ത പുരുഷാരത്തെ യോഹന്നാനു പത്മൊസ് ദ്വീപിൽ വെച്ച് ദൈവം കാണിച്ചുകൊടുത്തു. അവർ തങ്ങളുടെ അങ്കി കുഞ്ഞാടിന്റെ രക്തത്താൽ അലക്കി വെളുപ്പിച്ചവരാകുന്നു (വെളി. 7:14). വീണ്ടും യോഹന്നാൻ കുറെ ആത്മാക്കളെ അവിടെ കാണുന്നുണ്ട്. അവരെക്കുറിച്ച് പറയുന്നതു ശ്രദ്ധിക്കൂ: "ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും അവന്റെ വചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും നെറ്റിയിലും കൈമേലും അവന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ ആത്മാക്കളേയും ഞാൻ കണ്ടു (വെളി. 20:4).

ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക. ഉയരത്തിലുള്ളവ മാത്രം ചിന്തിക്കുക. ഭൂമിയിലുള്ളവയെക്കുറിച്ചുള്ള ചിന്തകൾ വിട്ടുകളയുക. സാത്താനെ അതിജീവിക്കുവാൻ മുൻഗണന നല്കേണ്ട ഈ കാര്യങ്ങൾ വിട്ടുകളയുന്നതാണ് ഇന്നത്തെ ക്രിസ്ത്യാനിയുടെ പരാജയ കാരണം. പാപം കഴുകികളയുവാൻ പൂർണവും പര്യാപ്തവുമായ ഒന്നാണ് ക്രിസ്തുവിന്റെ രക്തം. ദുഷ്ടതയുടെ കരാളഹസ്തത്തെ തട്ടിത്തെറിപ്പിക്കാൻ കഴിവുറ്റ ശക്തമായ ഒന്നാണ് ദൈവവചനം. ഈ അറിവ് അനുഭവമായി മാറണം. മരണത്തിനായി അവർ തങ്ങളുടെ ജീവനെ വിട്ടുകൊടുത്തില്ലായെന്ന് പറയുവാൻ തക്കവണ്ണമുള്ള സമർപ്പണം നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.



# എബ്രായരും എബ്രായ ലേഖനവും

(കഴിഞ്ഞലക്കം തുടർച്ച)


എബ്രായ ലേഖനം പൗലോസല്ല എഴുതിയത് എന്നു കരുതുവാനുള്ള ന്യായങ്ങൾ ഇവയാണ്: (i) പൗലോസിന്റെ ലേഖനങ്ങളിലെല്ലാം താൻ പേരു പറയുന്നുണ്ട്. ചില അഭിവാദനവാക്യങ്ങളും കാണുന്നു. എബ്രായലേഖനത്തിൽ ഇങ്ങനെയൊന്നുമില്ല. (ii) ശൈലി വ്യത്യസ്തവും ഭാഷ കൂടുതൽ ഭദ്രവുമാണ്. ഇവിടെ പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന ഘടനാവൈകല്യങ്ങൾ -anacolutha- എബ്രാലേഖനത്തിന് അന്യമാണ്. സൂക്ഷ്മമായി തെരഞ്ഞെടുത്ത പദങ്ങൾ കാവ്യാത്മകമായി കോർത്തിണക്കി, ഒരു വാക്യം സുഗമമായി അടുത്തതിലേക്ക് നയിക്കുന്ന, പണ്ഡിതോചിതമായ ശൈലി വികാരപരത ഉൾക്കൊള്ളവേ തന്നെ അത് പ്രകടനാത്മകമാകാതെ സൂക്ഷിക്കുന്നു. പഴയനിയമം ഉദ്ധരിക്കുന്നതിനുള്ള രീതിയ്ക്കും വ്യത്യാസം കാണുന്നു. (iii) ഇപ്പറഞ്ഞതിന് മറുന്യായം എന്ന നിലയ്ക്ക് പൗലോസ് എബ്രായ ഭാഷയിലാണ് എഴുതിയത്, വിവർത്തനം ലൂക്കോസിന്റേതാണ് എന്നു പറഞ്ഞിട്ടുള്ളവരുമുണ്ട്. എന്നാൽ ശൈലി മാത്രമല്ല ചിന്താസരണിയും വ്യത്യസ്തമാണെന്ന് ആധുനിക പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. തീക്ഷ്ണമായ ഒരു മതാനുഭവത്തിന്റെ തീച്ചൂളയിൽ കൂടെ കടന്നുവന്ന ആളാണ് പൗലോസ്.എബ്രായലേഖനത്തിന്റെ കർത്താവ് അങ്ങനെ ഒരു ധാരണ ഉളവാക്കുന്നില്ല. ആകാശത്തുനിന്ന് മിന്നലൊളി പതിച്ച അനുഭവമായിരുന്നു പൗലോസിന്. ഇവിടെ പ്രഭാതം പതുക്കെ പ്രകാശമാനമാകുന്നതുപോലെ സത്യാന്വേഷണത്തിലൂടെ ക്രിസ്ത്വാനുഭവത്തിലേക്ക് വന്നതായാണ് അനുഭവപ്പെടുന്നത്. ന്യായപ്രമാണമോ കൃപയോ വിശ്വാസമോ പ്രവൃത്തിയോ ശരീരമോ ആത്മാവോ- ഇങ്ങനെ പൗലോസിന്റെ കൃതികളിൽ കാണപ്പെടുന്ന പൂർവോത്തരപക്ഷങ്ങൾ ഇവിടെ ഇല്ല; പൊരുളും നിഴലും എന്നൊക്കെയുള്ള വിശദീകരണം ഉണ്ടെങ്കിലും.

എബ്രാ. 2:3 കാണുക. കർത്താവിന്റെ വാക്കു ശ്രവിച്ചവർ സ്ഥിരീകരിച്ചു നൽകിയതാണ് എബ്രായലേഖനകർത്താവിന്റെ അറിവ്. പൗലോസാകട്ടെ നേരിട്ടു കിട്ടിയ വെളിപ്പാടാണ് തന്റെ അധികാരസ്രോതസ്സ് എന്ന് അവകാശപ്പെടുന്നു: ഒരു വിട്ടുവീഴ്ചയുമില്ലാതെ!. പൗലോസ് അല്ലെങ്കിൽ പിന്നെ ആര്? ബർന്നബാസ് എന്ന ധാരണയ്ക്ക് തെർത്തുല്യനോളം (220നുശേഷം മരിച്ചു) പഴക്കം ഉണ്ട്. ബർന്നബാസ് ലേവ്യൻ ആയിരുന്നു. അ.പ്ര. 4:36. ആശ്വാസപുത്രൻ ആശ്വാസവചനങ്ങൾ (എബ്രാ. 13:22) എഴുതുന്നത് ന്യായമാണ്. വേറെ ചിലർ ലൂക്കോസ്, പ്രിസ്ക്കിലാ എന്നിങ്ങനെ ഊഹിക്കുന്നു. മാർട്ടിൻ ലൂഥർ അപ്പൊല്ലോസ് എന്ന് അഭിപ്രായപ്പെട്ടു. മാൻസൺ, സ്പിക് തുടങ്ങിയ ആധുനികരും ഇതിനോട് യോജിക്കുന്നു. Plausible എന്നാണ് ഫോർഡാമിലെ പ്രൊഫസറായ മൈൽസ് ബൂർക്കിന്റെ വിചാരം. എബ്രായ ലേഖനത്തിന്റെ കർതൃത്വത്തെക്കുറിച്ചുള്ള കാര്യവിചാരം ഓറിഗനെ ഉദ്ധരിച്ച് അവസാനിപ്പിക്കുകയാണ് കരണീയം. ഓറിഗൻ പറഞ്ഞത് 'ദൈവത്തിനറിയാം ആര് ഇത് എഴുതി എന്ന്' എന്നായിരുന്നു: "who wrote the epistle, in truth, God alone knows". ബാർക്ലേയുടെ വാക്കുകൾ: "To us this man must remain forever a voice and nothing more; but we can be thankful to God for the work of this great nameless one".

എഴുതിയത് ആരാണ് എന്നതുപോലെ തന്നെ പറയാൻ പ്രയാസം ഉള്ള സംഗതിയാണ് ആർക്കാണ് എഴുതിയത് എന്നതും 13:19,23,24 എന്നീ വാക്യങ്ങൾ ചില സൂചനകൾ നൽകുന്നുണ്ടെങ്കിലും അവ കൃത്യമായ ഉത്തരം കണ്ടെത്താൻ സഹായകമല്ല എന്നാണ് പണ്ഡിതമതം. 'എബ്രായർക്ക്' എന്നതുതന്നെ പിൽക്കാലത്ത് എഴുതിച്ചേർത്തതാവാം. ഏതായാലും ആരാണ് ഈ 'എബ്രായർ' എന്നതാണ് അന്വേഷണ വിഷയം. (i) യഹൂദന്മാർ തന്നെ: പലസ്തീനിലോ റോമിലോ അലക്സാണ്ട്രിയയിലോ എഫേസോസിലോ ജീവിച്ചിരുന്ന യഹൂദക്രിസ്ത്യാനികൾ. ബാഹ്യാനുഷ്ഠാനങ്ങളില്ലാത്ത നവീനമതം സ്വീകരിച്ചവർക്ക് ഈ പരിവർത്തനം മാനസികപ്രശ്നങ്ങൾ സൃഷ്ടിച്ചപ്പോൾ അവരെ പ്രോത്സാഹിപ്പിക്കാൻ എഴുതിയതാവാം. പീഡനത്തെ തുടർന്ന് യഹൂദമതത്തിലേക്ക് തിരിച്ചുപോവാൻ തുനിഞ്ഞവരെ പിടിച്ചുനിർത്താൻ എഴുതിയതാവാം. (ii) യാഥാസ്ഥിതിക യഹൂദമതമല്ല, അതിന്റെ വകഭേദം ആയിരുന്നു വായനക്കാരുടേത്. 13:9-13 ആധാരമാക്കി ഗേഫോഡ് (സിഡ്നി ചാൾസ് ഗേഫോഡ്, ഇംഗ്ലീഷുകാരൻ) ഇതാണ് ഉറപ്പിച്ചു പറയുന്നത്. (iii) പുറജാതികളിൽ നിന്ന് ക്രിസ്ത്യാനികൾ ആയവർ ആയിരുന്നു ലക്ഷ്യം. ഷുറർ, വിസക്കർ, വോൺസൊഡൺ തുടങ്ങിയവർ കഴിഞ്ഞ നൂറ്റാണ്ടിൽ പറയാൻ തുടങ്ങിയ ഈ അഭിപ്രായത്തിന് ഇപ്പോൾ വളരെ പ്രചാരം സിദ്ധിച്ചിരിക്കുന്നു. (iv) യൂദനെന്നോ യവനനെന്നോ ഭേദമില്ലാതെ ലോകത്ത് എവിടെയും ഉള്ള തീർഥാടകസഭയിലെ (pilgrim church, 1 പത്രോ. 1:17) അംഗങ്ങളെയാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. (v) കൊലോസ്യ സഭയിലെന്നതുപോലെ നാമ്പെടുത്ത ജ്ഞാനവാദികളുടെ (Gnostics) ഭീഷണിയുടെ നിഴലിലാണ് എബ്രായ ലേഖനം എഴുതപ്പെട്ടത്. (vi) വില്യം മാൻസൺ 1951-ൽ എഴുതിയ വ്യാഖ്യാനത്തിൽ യഹൂദമതാചാരങ്ങൾ ഉപേക്ഷിക്കാതിരുന്ന യഹൂദക്രിസ്ത്യാനികളെ ഉൽബോധിപ്പിച്ചുകൊണ്ടു നടത്തിയ രചനയാണ് എന്നു പറഞ്ഞു.

(തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽപരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# ദൈവവസ്ത്രം

ഡോ. തോമസ്

**ക**ർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത് (റോമ. 13:14).

എന്തൊരു അത്ഭുതകരമായ മുന്നറിയിപ്പാണ് അതെന്നു ചിന്തിച്ചുനോക്കുക. ഒരു വ്യക്തി എങ്ങനെയാണു മറ്റൊരു വ്യക്തിയെ ധരിക്കുന്നത്? അതിലേക്കു നാം പിന്നീടു വരുന്നുണ്ട്. ഇപ്പോൾ ലളിതമായ ഒരു ഉദാഹരണം പരിശോധിക്കാം.

സ്ത്രീകളും പുരുഷന്മാരും വസ്ത്രം ധരിക്കാറുണ്ടല്ലോ. ഒരാൾ വസ്ത്രം ധരിക്കുമ്പോൾ എന്താണു സംഭവിക്കുന്നത്?

അയാളുടെ ലജ്ജ നീങ്ങിപ്പോകുന്നു. കാരണം നഗ്നത മറയുന്നു. വസ്ത്രം ആ വ്യക്തിക്കു ഒരു ആവരണമായി തീരുന്നു.

മാന്യമായ വസ്ത്രധാരണം മറ്റുള്ളവർക്കു മുന്നിൽ പ്രത്യക്ഷപ്പെടുവാൻ ധൈര്യം പകരുന്നു.

അലക്ഷ്യമായ വസ്ത്രധാരണം മറ്റുള്ളവർ സ്വീകരിക്കയില്ല. അല്ലെങ്കിൽ മറ്റുള്ളവരുടെ മുൻപിൽ അവഹേളനപാത്രമാകും.

നമ്മുടെ ഉദാഹരണത്തിൽ കണ്ടതു മാന്യമായ വസ്ത്രം ധരിക്കുന്ന ആളെ സമൂഹം അംഗീകരിക്കുകയും അങ്ങനെയുള്ളവർക്കു മറ്റുള്ളവരെ നേരിടുവാനും കഴിയും എന്നതാണ്. അതു വാസ്തവമാണ്. ഒരാൾക്കു താൻ നഗ്നനാണെന്ന ബോധ്യം ഉണ്ടെങ്കിലേ വസ്ത്രം ധരിക്കേണ്ട ആവശ്യകത വരുന്നുള്ളു. തന്നെയുമല്ല, മറ്റുള്ളവരുടെ മുൻപിൽ താൻ എങ്ങനെ ആയിരിക്കണം എന്ന തിരിച്ചറിവും ഒരാളിൽ വേണം. കീറിയ വസ്ത്രമോ, നഗ്നത പൂർണ്ണമായി മറയാത്തതോ ആയവ മറ്റുള്ളവരുടെ മുൻപിൽ പരിഹാസ്യമാകും എന്ന തോന്നലും ഉണ്ടാകണം.

ആത്മീയ ഗോളത്തിലും ഇതു വാസ്തവമാണ്. ദൈവഭയമില്ലാതെ ജീവിക്കുന്ന മനുഷ്യർ അപൂർണ്ണരും നഗ്നരുമാണ്. യെശയ്യാവു പറയുന്നത്: എല്ലാവരും അശുദ്ധനെപ്പോലെ ആയിത്തീർന്നു; ഞങ്ങളുടെ നീതിപ്രവർത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ (യെശയ്യാവ് 64:6). ദൈവകല്പനകളെ മാറ്റി നിർത്തിയിട്ടു സ്വന്തനീതിയിൽ ആശ്രയിച്ചു ജീവിക്കുന്നവർ ധാരാളമുണ്ട്. ദൈവത്തിൽ വിശ്വാസമില്ലാത്ത ആളുകളുമുണ്ട്. ദൈവത്തിന്റെ ആവശ്യകതയെ കുറിച്ചു അറിവില്ലാത്തവരാണ് അവർ. അജ്ഞതയാണ് അവരെ ആത്മീയ നഗ്നരാക്കി മാറ്റുന്നത്. മനുഷ്യരുടെ അകൃത്യങ്ങൾ അവരെ കാറ്റുപോലെ പറപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു നാം ശരിയായി വസ്ത്രം ധരിക്കണം എന്ന കാര്യത്തിൽ സംശയമില്ല. ആത്മീയമായി ദൈവം ഒരുക്കിയിരിക്കുന്ന വസ്ത്രമാണ് എല്ലാവരും ധരിക്കേണ്ടത്. ഓരോരുത്തർക്കും ഓരോ ഇഷ്ടം ആയിരിക്കും ഉള്ളത്. എന്നാൽ ആ ഇഷ്ടാനിഷ്ടങ്ങളെ മാറ്റിനിർത്തി ദൈവത്തെ പ്രസാദിപ്പിപ്പാൻ അനുയോജ്യമായ വസ്ത്രം നാം ധരിക്കണം. നമ്മെ സൃഷ്ടിച്ച സൃഷ്ടികർത്താവിന്റെ മുൻപിൽ നാം മനോഹാരിതര ആയിരിക്കണം. ധരിക്കുന്നവർക്കു അതുമൂലം സന്തോഷം പകരപ്പെടും എന്നതാണ് ദൈവവസ്ത്രത്തിനുള്ള പ്രത്യേകത. ചുറ്റും വസിക്കുന്നവർക്കു അതു വളരെ പ്രചോദനം ഉൾക്കൊള്ളുവാൻ സഹായകരമാണ്. കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾവീൻ; മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത് എന്നു ബൈബിൾ നമ്മെ പഠിപ്പിക്കുന്നു (റോമർ 13:14).

നാം നമ്മെ മറയ്ക്കേണ്ടതു ക്രിസ്തുവിനെ ഉടുത്തുകൊണ്ടാകണം. യേശുവിനെയായിരിക്കണം ദൈവവും പുറത്തുള്ളവരും കാണേണ്ടത്. നമ്മുടെ നഗ്നതയല്ല എന്നർത്ഥം.

ജഡത്തിനു നാം അവസരം കൊടുക്കരുത്. ജഡാഭിലാഷങ്ങൾ നിവർത്തിക്കുകയല്ല നമ്മുടെ ലക്ഷ്യം. ജഡം നമ്മിൽ മോഹം ജനിപ്പിക്കും. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കും. ജഡത്തിന്റെ ചിന്ത എപ്പോഴും മരണമാണ്. ആത്മാവിന്റെ ചിന്ത ജീവനുമാണ്.

അതായത് പ്രാകൃത മനുഷ്യനെ മാറ്റി പുതിയ ആത്മീയ മനുഷ്യനായി മാറണം. ക്രിസ്തു ആത്മീയമായി ചിന്തിച്ചു. ആത്മീയമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. അങ്ങനെയുള്ള ആത്മീയത നമ്മുടെ ആവരണമായി മാറണം.

ഒരാൾ തന്റെ നഗ്നത തിരിച്ചറിയണം. അതായത് ജഡിക ബലഹീനതകളെ അയാൾ മനസ്സിലാക്കണം. ആത്മീയ സ്വഭാവം ധരിക്കേണ്ട ആവശ്യം സ്വയം ബോധ്യപ്പെടണം. അതിനുള്ള ആഗ്രഹം വേണം. അതുകൊണ്ടാണു യേശു പറഞ്ഞത്: ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ എന്ന്. ആത്മീയ ഉറക്കത്തിൽ നിന്നു ഒരാൾ ഉണരേണം. വസ്ത്രനിർമ്മാതാവിന്റെ അടുക്കൽ ചെല്ലണം. ആവശ്യം അറിയിക്കണം. നിർമ്മാതാവു പഴയ വസ്ത്രത്തിനു പകരം പുതിയ വസ്ത്രം തരുവാൻ സന്നദ്ധനാണ്. അടുത്തു ചെല്ലാത്തവർക്ക് അവൻ അത് എങ്ങനെ നൽകും? മനുഷ്യനെ രക്ഷിക്കുവാൻ ദൈവം തന്റെ പദ്ധതി രൂപപ്പെടുത്തി വെച്ചിരിക്കുകയാണ്. സൗജന്യമായ ആ രക്ഷ സ്വീകരിക്കണമെന്നുമാത്രം. ദൈവത്തിന്റെ രക്ഷാ പദ്ധതിയെ പിശാച് മനുഷ്യർക്കിടയിൽ വ്യാജമാക്കി പ്രചരിപ്പിച്ചിരിക്കുകയാണ്. ആളുകൾ സത്യരക്ഷാ പദ്ധതി ബൈബിളിൽ നിന്നു കണ്ടെത്തണം.



# വിശ്വാസികളും അവിശ്വാസികളെപോലെ

**നാം** ആരാണ്? എവിടെനിന്നു വന്നു? എന്തിന്? എങ്ങോട്ടുപോകുന്നു? എന്താണ് ജീവിതം? ഇത്തരം ചോദ്യങ്ങൾ ബോധമുള്ളവരൊക്കെ സ്വയം ചോദിക്കുന്നു. പക്ഷെ, ഉത്തരം കണ്ടെത്തുന്നവർ വളരെ വിരളം. കിട്ടുന്ന ഉത്തരങ്ങളോ, വ്യത്യസ്തം. വിവിധങ്ങൾ. പലപ്പോഴും പരസ്പരവിരുദ്ധങ്ങളും.


എങ്ങനെ നാമിവിടെ വന്നു. ആരും സ്വയം ആഗ്രഹിച്ചല്ല. ശ്രമിച്ചുമല്ല. നമ്മുടെ നാട് നിശ്ചയിച്ചത് നാമല്ല. വീടും കുടുംബവും തെരഞ്ഞെടുത്തതും നാമല്ല. നമ്മുടെ ശരീരപ്രകൃതി നിശ്ചയിച്ചതും അത് നിർണയിച്ചതും നമ്മളല്ല. നമ്മുടെ മാതാപിതാക്കളുമല്ല. നമ്മുടെ വീടും ദേശവും ഭാഷയും വർഗവും വർണവും കാലവും കോലവും കുലവും ലിംഗവും നിശ്ചയിച്ചതിൽ മനുഷ്യർക്കൊരു പങ്കുമില്ല. എല്ലാം ദൈവനിശ്ചിതം! ഈശ്വരഹിതം. അതിനാൽ അലംഘനീയം.

നാം ദൈവത്തിന്റെ സൃഷ്ടികൾ. നമ്മുടേതൊക്കെയും ദൈവത്തിന്റെ ദാനം. കൈയും കാലും കണ്ണും കാതും നാക്കും മൂക്കും ആയുസ്സും ആരോഗ്യവും ജീവനും ജീവിതവുമൊക്കെ അവനാണ് നമുക്ക് നൽകിയത്. അതിനാൽ അവയെല്ലാം ദൈവിക നിയന്ത്രണങ്ങൾക്ക് വിധേയം. അവ മനുഷ്യന്റേതാണെന്ന അവകാശവാദം തീർത്തും തെറ്റാണ്. തിരുത്തപ്പെടേണ്ട അബദ്ധമാണ്. ഉടമസ്ഥാവകാശം ദൈവത്തിന്, ഉപയോഗാനുമതി മനുഷ്യന്. അതും, ഈശ്വരനിർദേശങ്ങൾക്കനുസരിച്ചും. അവ ലംഘിക്കുന്നത് അപരാധം. അതിനാൽ ശിക്ഷാർഹവും.

ദൈവമാണ് ഭൂമിയുടെ ഉടമസ്ഥൻ. അതാർക്കും കുത്തകാവകാശമായി വയ്ക്കുവാനും ദുരുപയോഗപ്പെടുത്തുവാനും അനുവാദമില്ല. അന്യേന്യം വിഭവങ്ങൾ പങ്കുവച്ച് സമത്വത്തിൽ കഴിയുന്നതാണ് ദൈവേഷ്ടം (ലേവ്യ 25:23). സ്രഷ്ടാവിനുമാത്രമേ സൃഷ്ടിയുടെ മേൽ പരമാധികാരമുള്ളൂ. ഇന്ന് മനുഷ്യൻ ഭൂമിയുടെ മേൽ പരമാധികാരം പ്രാപിച്ച് സ്വാർത്ഥതാല്പര്യത്തിനായി ഉപയോഗിക്കുന്നു.

ധനത്തിന്റെ സ്ഥിതിയും തഥൈവ. ദാതാവ് ദൈവം. തിരിച്ചെടുക്കുന്നതും അവൻതന്നെ. അതിനാൽ ഉടമാവകാശം ദൈവത്തിനും കൈകാര്യകർതൃത്വം മനുഷ്യനും. അതു ദൈവിക ആജ്ഞകൾക്കൊത്ത്. അവയുടെ പാലനം പ്രതിഫലാർഹം. ലംഘനം ശിക്ഷാർഹവും.

ദൈവവിശ്വാസികളൊക്കെ സ്രഷ്ടാവിനെ അംഗീകരിക്കുന്നു. അവന്റെ ഉടമാവകാശം സമ്മതിക്കുന്നു. ശാസനാധികാരം ദൈവത്തിനെന്ന് വാദിക്കുന്നു. എന്നാൽ, ഗൗരവപൂർവമിത് പരിഗണിക്കുന്നവർ കുറവാണ്. എല്ലാവരും എല്ലാം തങ്ങളുടേതെന്നപോലെ കരുതുന്നു. ശരീരം തോന്നിയതുപോലെ ഉപയോഗിക്കുന്നു. സമ്പത്ത് എങ്ങനെയും ശേഖരിക്കുന്നു. എല്ലാം കെട്ടിപ്പൂട്ടി വയ്ക്കുന്നു. ഇഛാനുസൃതം വ്യയം ചെയ്യുന്നു. അങ്ങനെ ദൈവവിശ്വാസികളും ഫലത്തിൽ നിഷേധികളെപ്പോലെയാവുന്നു. പ്രായോഗിക ജീവിതത്തിൽ അവിശ്വാസികളെപ്പോലെ പെരുമാറുന്നു. അതിനാൽ തിരുത്ത് അനിവാര്യം. നിരന്തരമായ ഓർമിപ്പിക്കൽ അതിനാവശ്യമത്രെ.



# ജനിച്ച ക്രിസ്ത്യാനികൾ

ഡോ. ഗ്രഹാം ട്രസ്കോട്ട്

**ഞാ**ൻ ഇൻഡ്യ ഉൾപ്പെടെ പല രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. ക്രിസ്ത്യാനി എന്നു പറയുന്ന ഒരാളെ കാണുമ്പോൾ ഞാൻ സാധാരണ ചോദിക്കുന്ന ഒരു ചോദ്യം നീ എന്നാണു ക്രിസ്ത്യാനിയായത്? എനിക്കു സാധാരണയായി രണ്ട് ഉത്തരങ്ങളിൽ ഒന്നാണ് ലഭിക്കാറുള്ളത്. രക്ഷയുടെ സന്തോഷത്തിന്റെ സാക്ഷ്യം അല്ലെങ്കിൽ ആശ്ചര്യത്തോടു കൂടിയുള്ള ഒരു നോട്ടം. ആ നോട്ടത്തിന്റെ അർത്ഥം നീ എന്താണ് പറഞ്ഞുവരുന്നത് എന്നാണ്.

സാധാരണയായി എനിക്കു ലഭിക്കാറുള്ള മറുപടി ഞാൻ ക്രിസ്ത്യാനിയായതു എന്നാണ് എന്നു നീ ചോദിക്കാൻ കാരണം എന്ത്? ഞാൻ ഒരു ക്രിസ്ത്യാനിയായി ആണ് ജനിച്ചത്. എന്റെ മാതാവ് ഒരു ക്രിസ്ത്യാനി ആണ്. പിതാവ് ഒരു ക്രിസ്ത്യാനിയാണ്. എന്റെ അമ്മാച്ചൻ ഒരു പട്ടക്കാരനാണ്. ഞാൻ ചെറുപ്പം മുതലേ ഒരു ക്രിസ്ത്യാനി തന്നെയാണ്.

നീ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ട് ഒരു ക്രിസ്ത്യാനി ആകുന്നില്ല. ഒരു മോട്ടോർ ഷെഡ്ഡിൽ ജനിച്ചതുകൊണ്ട് നീ ഒരു മോട്ടോർ കാർ ആകുന്നില്ലല്ലോ! ഞാൻ ഒരു ആശുപത്രിയിലാണ് ജനിച്ചത്. അത് എന്നെ ഒരു ഡോക്ടർ ആക്കിയില്ല. ബൈബിൾ "ജനിച്ച ക്രിസ്ത്യാനികളെപ്പറ്റി" ഒരു വാക്കും പറഞ്ഞിട്ടില്ല. പിന്നെയോ നിങ്ങൾ പുതുതായി ജനിക്കേണം എന്നാണ് പറഞ്ഞിരിക്കുന്നത് (യോഹ. 3:7).

പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിനെ നിന്റെ ഹൃദയത്തിൽ രക്ഷിതാവായി സ്വീകരിക്കുകയും അവൻ തന്റെ രക്തത്താൽ പാപങ്ങളെ കഴുകി ശുദ്ധീകരിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവ് നിന്റെ ഹൃദയത്തിൽ ഒരു അതിശയം പ്രവർത്തിക്കും-നീ വീണ്ടും ജനനം പ്രാപിക്കും. അപ്പോൾ മാത്രമേ നിനക്ക് വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുവാൻ സാധിക്കുകയുള്ളു (1 തിമൊ. 3:9).



# വേദാഭിമാനിയുടെ മറുപടി

**പിശാചിനെ സൃഷ്ടിച്ചത് ദൈവം. വൃക്ഷം വച്ചതും ദൈവം. പാപം ചെയ്യിച്ചതും ദൈവം. പിന്നെയെന്തിന് പാവം മനുഷ്യനെ ദൈവം ശിക്ഷിച്ചു. ഈ പ്രതിസന്ധിയ്ക്ക് ഉത്തരമുണ്ടോ?**

***-വിജയൻ, തോട്ടക്കര, കൈപ്പട്ടൂർ, മാണിയ്ക്കമംഗലം***

**ദൈ**വം തന്നെയാണ് പിശാചിനെ സൃഷ്ടിച്ചത്. എന്നാൽ നാം ഇന്നറിയുന്ന പ്രകാരം ദുഷ്ടനായ ഒരു സൃഷ്ടിയായിട്ടല്ല ദൈവം പിശാചിനെ സൃഷ്ടിച്ചത്. ലൂസിഫർ എന്ന സൃഷ്ടി നന്മകളുടെ നിറകുടമായിരുന്നു (യെഹ. 28:12-15). നിഷ്കളങ്കനായ ഒരു സൃഷ്ടിയായിരുന്നു. ദൈവം കളങ്കമുള്ള സൃഷ്ടി നടത്തിയിട്ടില്ല. ലൂസിഫറിന്റെ പാപം അവന്റെ അന്തർഭാഗത്തു നിന്നുണ്ടായ സാഹസത്തിന്റെ ഫലമായിരുന്നു (വാ. 16), അഹങ്കാരമായിരുന്നു (വാ. 17). അഹങ്കാരം സ്വയസൃഷ്ടിയാണ്. ദൈവസൃഷ്ടിയല്ല-ദൈവം നൽകിയ അനുഗ്രഹങ്ങൾ ഒരുവനെ നന്ദിയുള്ളവനായി ദൈവത്തെ സേവിക്കുവാൻ താഴ്മയുള്ളവനാക്കാം. അതുപോലെ തന്നെ അഹങ്കാരത്തോടെ ദൈവത്തെ വെല്ലുവിളിക്കുവാൻ മത്സരിയുമാക്കി തീർക്കാം - ഇതിൽ ഏതുവേണം എന്നുള്ളത് സ്വന്ത തെരഞ്ഞെടുപ്പാണ്. ദൈവത്തിന്റെ നിഷ്കളങ്ക സൃഷ്ടിയായിരുന്ന ലൂസിഫർ അഹങ്കാരം നിമിത്തം സ്വയം സാത്താനായി (പിശാചായി) രൂപാന്തരപ്പെടുകയാണുണ്ടായത്.

സ്വാഭാവികമായും ഇങ്ങനെയൊരു മത്സരിയെ തുടർന്നും പ്രവത്തിക്കുവാൻ സർവ്വശക്തനായ ദൈവം എന്തിന് അനുവദിച്ചു എന്നൊരു ചോദ്യമുണ്ടാകാം. അതിനുകാരണം ദൈവത്തിന്റെ നീതിയാണ്. ലൂസിഫറിന്റെ വെല്ലുവിളി തെളിയിക്കുവാൻ അവന് സമയം കൊടുക്കുന്നത് ദൈവീക നീതിക്കു ചേർന്ന പ്രവൃത്തിയാണ്. മറ്റു സൃഷ്ടികളെ മുഴുവനും തന്റെ സ്വാധീനത്തിൽ കൊണ്ടുവരും എന്നുള്ള വെല്ലുവിളി ദൈവം സ്വീകരിച്ചുകൊണ്ട് അതിനായി ലൂസിഫറിന് സമയം കൊടുത്തിരിക്കുന്നു. മത്സരിച്ച നിമിഷം തന്നെ ലൂസിഫറിനെ ഇല്ലായ്മ ചെയ്തിരുന്നു എങ്കിൽ ദൈവത്തിന് നീതിമാൻ എന്ന പേരിന് അർഹതയുണ്ടായിരിക്കില്ല.

ആദാമിനെക്കൊണ്ട് തെറ്റു ചെയ്യിച്ചത് ദൈവമല്ല. മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോൾ സ്വന്ത സാദൃശ്യത്തിലാണല്ലൊ സൃഷ്ടിച്ചത്. ചിന്തിക്കുവാനും, വിവേചിക്കുവാനും തീരുമാനങ്ങളെടുക്കുവാനും ഇച്ഛാശക്തിയുള്ളവനായിട്ടാണ് അവനെ സൃഷ്ടിച്ചത്. നല്ലതിനെയോ തീയതിനെയോ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽകി.

സ്വാതന്ത്ര്യമില്ലാതെ ദൈവത്തിന് മനുഷ്യനെ സൃഷ്ടിക്കാമായിരുന്നു. എന്നാൽ അങ്ങനെയുള്ള സൃഷ്ടിയെ ഒരു യന്ത്രമനുഷ്യനോടു സാദൃശ്യപ്പെടുത്താം. യന്ത്രത്തെ എന്തെല്ലാം ജോലികൾ ചെയ്യുവാൻ വേണ്ടി ക്രമീകരിച്ചിരിക്കുന്നുവോ അതുപോലെ മാത്രമേ അതു പ്രവർത്തിക്കുകയുള്ളു. യന്ത്രമനുഷ്യന് സ്നേഹം എന്ന വികാരമില്ല-അനുസരണമുണ്ട്. എന്നാൽ നമ്മിൽ ആരെങ്കിലും മക്കളെ വേണ്ട, കുറെ യന്ത്രമനുഷ്യരെ അവർക്ക് പകരം മതിയെന്ന് പറയുമോ? ഇല്ല. മക്കൾ ചിലപ്പോൾ അനുസരണക്കേട് കാണിച്ചെന്ന് വരും. നമുക്ക് ദുഃഖം ഉണ്ടാക്കിയെന്നും വരും. എങ്കിലും അവർ നമ്മെ അനുസരിക്കുമ്പോൾ, അത് നമ്മോടുള്ള സ്നേഹത്തിൽ നിന്നും ഉത്ഭവിച്ചിരിക്കുകയാൽ അത് നമ്മെ സന്തോഷിപ്പിക്കും.

ദൈവത്തിനാവശ്യം, സ്നേഹത്തോടെ തന്നെ അനുസരിക്കുന്ന മക്കളെയാണ്. തെറ്റായ സംഗതികൾക്ക് പ്രകൃത്യാ തന്നെ ആകർഷണം കൂടുതലുണ്ട്. അതിന്റെ ആകർഷണത്തേക്കാൾ കൂടുതലായിരിക്കണം നമുക്ക് ദൈവത്തോടുള്ള സ്നേഹം എന്ന് ദൈവം പ്രതീക്ഷിക്കുന്നു.



തോട്ടത്തിലെ വൃക്ഷങ്ങളിൽ തിന്നരുതെന്ന് ദൈവം പറഞ്ഞ വൃക്ഷഫലത്തിന് വളരെ ആകർഷണമുണ്ടായിരുന്നു. തിന്നാതിരിക്കുവാൻ ഒരേയൊരു കാരണമേ ഉണ്ടായിരുന്നുള്ളു. തിന്നരുതെന്ന് ദൈവം പറഞ്ഞു.

അതുകൊണ്ട് തെറ്റുചെയ്തത് ആദാമിന്റെ തിരഞ്ഞെടുപ്പായിരുന്നു. ദൈവം ചെയ്യിച്ചതല്ല-രണ്ടാമത്തെ ആദാമായി യേശുക്രിസ്തു ഈ ഭൂമിയിൽ വന്ന് മനുഷ്യനായി ജീവിച്ച് പാപം ചെയ്യാതെ ജീവിക്കുവാൻ സാധ്യമാണെന്ന് തെളിയിച്ചു. ദൈവീകശക്തി ഉപയോഗിച്ചതുകൊണ്ടല്ല യേശു പിശാചിനെ പരാജയപ്പെടുത്തിയത്. എഴുതപ്പെട്ട വചനം പ്രയോഗിച്ചുകൊണ്ട് പാപത്തെ അതിജീവിക്കുവാൻ ഇന്നും വചനത്തിലൂടെ നമുക്ക് ലഭിക്കുന്ന ദൈവീക ശക്തി മതിയായതാണെന്ന് തെളിയിച്ചു.

ഇന്ന് പാപം ചെയ്തു,പാപത്തിൽ മരിക്കുന്ന ഒരുവനെ ശിക്ഷിക്കുവാൻ ദൈവത്തിന് അവകാശമുണ്ട്. കാരണം മനുഷ്യൻ സ്വന്ത തെരഞ്ഞെടുപ്പിൻപ്രകാരം തെറ്റുചെയ്യുന്നു എങ്കിൽ തന്നേയും സ്വയം അതിൽ നിന്നും മോചനം പ്രാപിക്കുവാൻ ദൈവം ഒരു വഴി ഒരുക്കി. ആ വഴിയാണ് യേശുക്രിസ്തു. ആദാമിനും ഹവ്വായ്ക്കും ദൈവമുമ്പാകെ കടന്നുവരുവാൻ തടസമായിരുന്ന നഗ്നത മറയ്ക്കുവാൻ സ്വന്ത പ്രയത്നം കൊണ്ടുണ്ടാക്കിയ ഇലകൾ കൂട്ടിത്തുന്നിയ വസ്ത്രം മതിയായതല്ല എന്ന് മനസിലാക്കിയ ദൈവം ഒരു മൃഗത്തെ കൊന്ന് അവർക്ക് വസ്ത്രം ഉണ്ടാക്കിക്കൊടുത്തു. അങ്ങനെ ഏദനിൽ ആരംഭിച്ച യാഗം നൂറ്റാണ്ടുകളായി തുടർന്നുപോന്നു. യേശുക്രിസ്തുവിന്റെ യാഗത്തിലൂടെ യാഗങ്ങൾക്ക് നിവൃത്തിവന്നു. ഇന്ന് പാപിയായ ഒരു മനുഷ്യന് വീണ്ടും ഒരു തെരഞ്ഞെടുപ്പിനുള്ള അവസരം നീതിമാനായ ദൈവം കൊടുത്തിരിക്കുകയാണ്. യേശുക്രിസ്തുവിനേയും, അവന്റെ യാഗത്തേയും വിശ്വസിച്ച് ആശ്രയിച്ച്, അനുസരിക്കുന്നതിലൂടെ നിത്യജീവനെയൊ അല്ലെങ്കിൽ നിത്യനാശത്തേയോ, ഏതുവേണമെങ്കിലും തിരഞ്ഞെടുക്കാം.

നീതിമാനായ ദൈവത്തിന് പാപത്തെ ശിക്ഷിച്ചേ മതിയാവുകയുള്ളു. അല്ലെങ്കിൽ ദൈവത്തെ നീതിമാൻ എന്ന് വിളിക്കുവാൻ സാധ്യമല്ല. സ്നേഹവാനായ ദൈവത്തിന് മനുഷ്യനെ രക്ഷിച്ചേ മതിയാവുകയുള്ളു. അല്ലെങ്കിൽ ദൈവം സ്നേഹവാനല്ല-ഈ വലിയ പ്രതിസന്ധിക്ക് ഉത്തരമായിരുന്നു യേശുക്രിസ്തുവിന്റെ യാഗം.

ഇങ്ങനെയൊരു വഴി ഒരുക്കിയശേഷം ഇനിയും മനുഷ്യൻ അത് തെരഞ്ഞെടുക്കുന്നില്ലെങ്കിൽ അത് മനുഷ്യന്റെ കുറ്റംതന്നെയാണ് ദൈവത്തിന്റേതല്ല.

**മാർക്സിന്റെ സാമ്പത്തിക സിദ്ധാന്തത്തെ തള്ളിപ്പറയുന്ന വിശ്വാസ സമൂഹം ദൈവരാജ്യ സമത്വം കാലഹരണപ്പെട്ടു എന്ന വസ്തുത അംഗീകരിക്കാത്തതെന്തുകൊണ്ട്?**

***-ബാബുരാജ്, ആമ്പല്ലൂർ, എരിപ്പോട്, അളഗപ്പനഗർ***



പത്തൊമ്പതാം നൂറ്റാണ്ടിൽ സാമൂഹിക വിപ്ലവത്തിനു വഴിതെളിച്ചുകൊണ്ട് മാർക്സിസ്റ്റു ദർശനവും സാമ്പത്തിക നയവും യൂറോപ്പ്, ഏഷ്യ തുടങ്ങിയ ഭൂഖണ്ഡങ്ങളിൽ പടർന്നു കയറി. നിലവിലിരുന്ന സാമ്പത്തിക വ്യവസ്ഥിതിയെ സമൂലം എതിർത്ത് പുതിയ സാമ്പത്തിക ശബ്ദം കാറൽ മാർക്സും എംഗൽസും ലോകത്തിനു നൽകി. പരമ്പരാഗതമായുണ്ടായിരുന്ന നാടുവാഴി പ്രഭുത്വത്തിനും അടിമത്ത സമ്പ്രദായത്തിനും എതിരെ സമഗ്ര വിപ്ലവത്തിനുള്ള ആഹ്വാനം അവർ നൽകി. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വർഗ സമരത്തിന്റെ ചരിത്രമായി ലോക ചരിത്രത്തെ മാർക്സിയൻ ദർശനം അപഗ്രഥിച്ചു. കൃഷിയുടെയും കച്ചവടത്തിന്റെയും വ്യവസായത്തിന്റെയും ക്രമാനുഗതമായ വളർച്ചയും അടിമ ഉടമ വ്യവസ്ഥിതിയുടെ അർത്ഥശൂന്യതയും അവർ വ്യക്തമാക്കി. ഫ്യൂഡൽ വ്യവസ്ഥിതിയുടെയും കൊളോണിയലിസത്തിന്റെയും പിടിയിൽ നിന്ന് വ്യവസായികളെയും തൊഴിലാളികളെയും പുതിയ ജീവിതബോധത്തോടെ പുറത്തുകൊണ്ടുവന്നു.

തൊഴിലാളികളെ ചൂഷണം ചെയ്ത് മുതലുണ്ടാക്കുന്ന രീതിയെ ശക്തമായി എതിർത്ത് തൊഴിലാളികളെ അവകാശങ്ങൾക്കുവേണ്ടി സംഘടിക്കുവാൻ പ്രബുദ്ധരാക്കി. ന്യായമായ വേതന വ്യവസ്ഥയും തൊഴിൽ നിയമങ്ങളും ഉല്പാദനത്തിന്റെ അനുസരിച്ചുള്ള ലാഭപങ്കാളിത്തവും തൊഴിലാളികൾക്കു ലഭിച്ചു.

സോഷ്യലിസ്റ്റ് സമ്പ്രദായത്തിലേക്കുള്ള ദർശനം ഇന്നും പ്രായോഗികമായിട്ടില്ല. ആരും ഒന്നും സ്വന്തം എന്നു പറയാതെ എല്ലാം പങ്കുവയ്ക്കുന്ന ക്ഷേമരാഷ്ട്രമാണ് മാർക്സ് വിഭാവനം ചെയ്തത്.

മാർക്സ് ധനവിനിയോഗത്തിന്റെ ശരിയായ മാനദണ്ഡങ്ങൾ ലോകത്തിനു മുമ്പിൽ തുറന്നുവച്ചു.

ബൂർഷ്വാ പ്രഭുത്വവും ചൂഷണത്തിലൂടെയുള്ള മുതലാളിത്ത സമ്പ്രദായവും മനുഷ്യത്വമല്ലെന്ന് മാർക്സ് പറഞ്ഞു.

തൊഴിലിന് ന്യായമായ വേതനം. തൊഴിലാളി യന്ത്രമല്ല. അവനെ ചൂഷണം ചെയ്യരുത്. ലാഭത്തിനു കാരണം ഉല്പാദനം വർദ്ധിക്കുന്നതാണ്. അതിനുവേണ്ടി അദ്ധ്വാനിക്കുന്നത് തൊഴിലാളിയാണ്. അതുകൊണ്ട് ലാഭത്തിന്റെ ഒരു ഭാഗം തൊഴിൽ ചെയ്യുന്നവനും അവകാശപ്പെട്ടതാണ്. എല്ലാ മനുഷ്യരും സമന്മാരാണ്. വർഗ വ്യത്യാസം സാമൂഹിക ഘടനയ്ക്കു ശാപമാണ്. ഇതാകട്ടെ പുതിയ സാമ്പത്തിക ചിന്താധാരയിലേക്ക് ലോകമനസ്സാക്ഷിയെ തിരിച്ചുവിടുകതന്നെ ചെയ്യും, എന്നൊക്കെ കേൾക്കാൻ സുഖമുള്ള കാര്യങ്ങളാണെങ്കിലും ഒരിക്കലും ഒരിടത്തും ഇതൊന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

മാർക്സിന്റെ സാമ്പത്തിക സിദ്ധാന്തങ്ങൾ ബൈബിളിനോട് കടപ്പെട്ടവയാണ്. ദൈവരാജ്യത്തിലെ സമത്വവും സാഹോദര്യവും പങ്കുവയ്ക്കലും മാർക്സിനെ സ്വാധീനിച്ചിട്ടുണ്ട്.

അഗ്നി, ആഹാരം പാകം ചെയ്യാൻ ഉപയോഗിക്കുമ്പോൾത്തന്നെ അന്യന്റെ പുര നശിപ്പിയ്ക്കാനും ഉപയോഗിക്കാം. ഇതുപോലെ ധനം കൂട്ടി വച്ച് സമൂഹത്തെ നശിപ്പിക്കാം. പങ്കുവയ്ക്കലിലൂടെയും നീതിപൂർവ്വമായ വ്യവഹാരങ്ങളിലൂടെയും സമൂഹത്തെ രക്ഷിക്കുകയും ചെയ്യാം. അതിൽതന്നെ ഒന്നും പാപമല്ല. ഉപയോഗരീതി കൊണ്ടാണ് ഒരു വസ്തു നല്ലതോ ചീത്തയോ ആകുന്നത്. ധനത്തെക്കുറിച്ചുള്ള ബൈബിൾ സിദ്ധാന്തവും മറിച്ചല്ല.

മനുഷ്യൻ ശാന്തി ആഗ്രഹിക്കുന്നു. അത് ദൈവസ്മരണയിലൂടെയാണു സാധ്യമാകുക. എന്നാൽ, വർഗസിദ്ധാന്തത്തിലൂടെ നിഗ്രഹമനസ് വച്ചുപുലർത്തുന്ന കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിനു മനുഷ്യന്റെ അടിസ്ഥാനത്വരയെ പൂർത്തീകരിക്കാൻ ഒരിക്കലും കഴിയില്ല. വിശ്വാസികളും അവിശ്വാസികളും ഉള്ള സംഘർഷമല്ല മതവിഭാവന. നന്മയും തിന്മയും ശരിയും തെറ്റുമാണതിന്റെ കാതൽ. ഇവിടെയാണു മതവും മാർക്സിസവും വിയോജിക്കുന്നത്.

This is The Word of God I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2012 MARCH




ഗ്രീക്ക് ചിന്തകനായിരുന്ന സോക്രട്ടീസിന്റെ അരികിൽ ഒരിക്കൽ മഹാ പൊങ്ങച്ചക്കാരനായ ഒരു ധനികൻ വന്നു. ആ സമയത്ത് സോക്രട്ടീസ് ഒരു ഭൂപടം പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏകാഗ്രതയോടെ ഭൂപടത്തിൽ ശ്രദ്ധിക്കുകയായിരുന്നതുകൊണ്ട് ധനികൻ തന്റെ അരികിൽ എത്തിയതുപോലും സോക്രട്ടീസ് അറിഞ്ഞില്ല.

"ഹും!", തന്നെ സോക്രട്ടീസ് മനഃപൂർവ്വം വകവയ്ക്കാത്തതാണെന്നു കരുതി ധനികൻ ഇങ്ങനെ പറഞ്ഞു: "ഈ രാജ്യത്തെ ആരായാലും എന്നെ കണ്ടാൽ എഴുന്നേറ്റു നിന്നു വണങ്ങും. ഇവിടെയിതാ ഒരാൾ, വലിയ ജ്ഞാനിയാണെന്നു പറഞ്ഞിട്ടെന്താ? മഹാന്മാരെ കണ്ടാൽ കണ്ട ഭാവം നടിക്കുന്നില്ല!"

ആ സംസാരം കേട്ടപ്പോഴാണ് സോക്രട്ടീസ് അയാൾ വന്ന കാര്യം അറിഞ്ഞത്. അയാൾ സ്വയം മഹാൻ എന്നു വിശേഷിപ്പിച്ചതു കേട്ടപ്പോൾ സോക്രട്ടീസിനു ചിരി വന്നു. എങ്കിലും അതു പുറത്തുകാണിക്കാതെ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "അങ്ങ് ഇപ്പോൾ വന്നത് വളരെ നന്നായി. ഈ ഭൂമിയിൽ മഹാനായ അങ്ങ് ജീവിച്ചിരിക്കുന്ന സ്ഥലം കണ്ടുപിടിക്കാനുള്ള ശ്രമത്തിലായിരുന്നു ഞാൻ!"

വിഡ്ഢിയായ ധനികന് സോക്രട്ടീസ് തന്നെ പരിഹസിക്കുകയാണെന്ന് മനസ്സിലായില്ല. ഭൂപടം കൈയിൽ വാങ്ങി അതിൽ ഗ്രീസിനെ തൊട്ടു കാണിച്ചിട്ട് അയാൾ പറഞ്ഞു: "ഇതിനാണോ ഇങ്ങനെ തലപുകച്ചു ചുഴിഞ്ഞു നോക്കിക്കൊണ്ടിരുന്നത്? ഇതാ നമ്മുടെ രാജ്യം!"

അപ്പോൾ സോക്രട്ടീസ് പറഞ്ഞു: "അതു ശരിതന്നെ. പക്ഷേ അതിൽ താങ്കൾ ജീവിച്ചിരിക്കുന്ന മഹത്തായ സ്ഥലമാണ് ഞാൻ നോക്കിയത്!"

ധനികൻ ഭൂപടത്തിലേക്ക് സൂക്ഷിച്ചുനോക്കി. അതിൽ ഏഥൻസ് കണ്ടുപിടിച്ചു. എന്നിട്ട് അതിൽ വിരൽ തൊട്ടുകൊണ്ടു പറഞ്ഞു:"ഇതാ, നമ്മുടെ ഏഥൻസ് നഗരം!"

"പക്ഷേ സോക്രട്ടീസ് പറഞ്ഞു: "ഏഥൻസിൽ ആയിരക്കണക്കിന് ആളുകളുണ്ടല്ലോ. അക്കൂട്ടത്തിൽ താങ്കൾ താമസിക്കുന്ന സ്ഥലം, അതിൽ താങ്കളുടെ വീട് അതൊക്കെയാണ് ഞാൻ കണ്ടെത്താൻ ശ്രമിച്ചത്!"

ധനികൻ ഭൂപടത്തിലേക്ക് ഒന്നു നോക്കി. ലോകത്തിന്റെ ഭൂപടത്തിൽ താൻ ജീവിക്കുന്ന വീടുപോയിട്ട് ആ പ്രദേശം പോലും അടയാളപ്പെടുത്തപ്പെട്ടിട്ടില്ല എന്നുകണ്ട് അയാൾ ചമ്മലോടെ തലകുനിച്ചു. അയാളുടെ അഹന്ത സോക്രട്ടീസിനു മുന്നിൽ അലിഞ്ഞു തീർന്നിരുന്നു.

അപ്പോൾ സോക്രട്ടീസ് ആ ഭൂപടം ധനികന് സമ്മാനിച്ചിട്ടു പറഞ്ഞു: "സ്നേഹിതാ, താങ്കളുടെ കൈയിൽ ഈ ഭൂമി മുഴുവൻ സ്വന്തമാക്കാനുള്ള പണം ഉണ്ടായിരിക്കാം. പക്ഷേ അതിന്റെ പേരിൽ അഹങ്കാരം തോന്നുമ്പോഴൊക്കെ ഈ ഭൂപടത്തിൽ ഒന്നു നോക്കുന്നതു നന്നായിരിക്കും. ഈ വലിയ ഭൂമിയിൽ നമ്മളോരോരുത്തരും എത്ര ചെറുതാണെന്ന് തിരിച്ചറിയാൻ ഇതു താങ്കളെ സഹായിക്കും!"

അതുംകൂടി കേട്ടതോടെ ധനികൻ തലകുനിച്ച് സോക്രട്ടീസിനു നമസ്കാരം പറഞ്ഞിട്ട് അവിടെനിന്ന് നടന്നകന്നു.




പുറമെ കാണുന്നതെല്ലാം നശ്വരമാണ്. അതിനപ്പുറത്ത് തീർച്ചയായും അനശ്വരമായ ഒരു ഉണ്മയുണ്ട്. കാരണം അതില്ലെങ്കിൽ ഇതെല്ലാം എന്തിൽനിന്നുണ്ടായി. എന്തിൽ നിലനിൽക്കും. ആ ഉണ്മ നമ്മിലും ഉണ്ടെന്നത് തീർച്ചയാണ്. അതിനെയാണ് നമുക്ക് തെരഞ്ഞു പിടിക്കാനുള്ളത്. ആ കണ്ടുമുട്ടലാണ് ജീവിതത്തിലെ മഹാനേട്ടം. ജീവിതം സമഗ്രമാകുന്നത് ദൈവവുമായുള്ള ബന്ധം സ്ഥാപിക്കുമ്പോഴാണ്. ഉൽഗ്രഥനം പൂർത്തിയാകുമ്പോൾ ഭയവും ആശങ്കയും അവസാനിക്കുന്നു. പ്രതീക്ഷയും ലക്ഷ്യബോധവും കൈവരുന്നു. ജീവിതം പ്രസാദാത്മകമാകുന്നു.

സർവ്വശക്തൻ മെനഞ്ഞ മഹാപ്രപഞ്ചത്തിലെ മഹാത്ഭുതമായ മനുഷ്യന് പ്രപഞ്ചത്തോടും മെനഞ്ഞ സ്രഷ്ടാവിനോടും ബന്ധപ്പെടാതെ അസ്തിത്വമില്ല. ദൈവത്തെ സ്നേഹിച്ചും ആദരിച്ചും ആരാധിച്ചും സഹജീവികളെ സഹായിച്ചും ജീവിതം ഹൃസ്വമാണെന്ന് തിരിച്ചറിഞ്ഞും ജീവിയ്ക്കുമ്പോൾ ഇഹലോക ജീവിതത്തിൽ പുതിയ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയും. അകത്ത് ഹൃദയ വിശുദ്ധിയും പുറത്ത് നിസ്വാർത്ഥ മനസ്കതയും ഉള്ള ഒരുവന് മാത്രമേ ദൈവവുമായി ബന്ധപ്പെടുവാൻ കഴിയുകയുള്ളു. അവന് ദൈവത്തോട് സംസാരിക്കുവാൻ കഴിയും. വേണമെങ്കിൽ അതിന് പ്രാർത്ഥനയെന്നു പറയാം. ആത്മാവിന്റെ രോദനം അല്ലെങ്കിൽ ഉള്ളുരുകിയുള്ള പ്രാർത്ഥന നിശബ്ദതയിലെ നടക്കൂ. അത് മറ്റുള്ളവർക്ക് കേൾക്കാൻ വേണ്ടിയല്ല. എന്റെ പ്രാർത്ഥന ആത്മാർപ്പണമാണ്. എനിക്കുവേണ്ടത് ഏകാന്തതയാണ്.



**-വേദാഭിമാനി**




കമ്പ്യൂട്ടർ യുഗത്തിലെ മനുഷ്യന്റെ നേട്ടം.

*കെസിയാ അലക്സ്, കൊല്ലോട്,ചെറുമല, കോട്ടപ്പുറം*

☹ **സിലിക്കോൺ കൂലികളെ സൃഷ്ടിച്ച് അന്യവൽക്കരണത്തിൽ മുന്നേറി.**

☺ ഇരിപ്പായ രോഗിയെ നടക്കാനായി രോഗശാന്തിക്കാരുടെ അടുക്കൽ കൊണ്ടുപോയി കിടപ്പിലായി. ഇതാണോ അത്ഭുതരോഗശാന്തി.

*ജോബി സക്കറിയ, കോടിക്കുളം, തേനാത്തൂർ, തൊടുപുഴ*

☹ **കിടപ്പായ സ്ഥിതിക്ക് ഇനി അധികം നാൾ ഉണ്ടാവില്ല. എങ്ങനെയായാലും അത്ഭുതകരമായി രോഗത്തിന് ശമനമുണ്ടായല്ലോ.**

☺ സിനിമാക്കാരെപ്പോലെ പ്രസംഗകരും കൃപാവരപ്രാപ്തരും പോസ്റ്ററുകളിലും ഫ്ളക്സുകളിലും വിലസുന്നു. ഇത് എന്താത്മീയമാണ്.

*ജോസ് വർഗ്ഗീസ്, അലിമുക്ക്, വെട്ടിത്തിട്ട, പിറവത്തൂർ*

☹ **പ്രസംഗകരുടെയും രോഗശാന്തിവീരന്മാരുടെയും ശുശ്രൂഷകൾ ശരിക്കും പെർഫോമിംഗ് ആർട്ടാണ്. സൂപ്പർസ്റ്റാർ ആയാലെ ഇവിടെ പിടിച്ചുനിൽക്കാനാകൂ.**

☺ നമ്മുടെ നേതാക്കന്മാരുടെ കുറെ പ്രബന്ധങ്ങൾ എന്റെ കൈവശമുണ്ട്. പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കരുതോ.

*പാസ്റ്റർ പി. ജി. സാമുവേൽ, കുടശനാട്, പൂഴിക്കാട്.*

☹ **ക്രിസ്മസിന് പടക്കമായി തിരിച്ചുതരണം എന്ന കരാറിൽ ശിവകാശി പടക്ക കമ്പനിയ്ക്ക് അയച്ചുകൊടുക്കുക.**

☺ സമൃദ്ധിയും അനുഗ്രഹവും നേതാക്കളിലും പ്രസംഗകരിലും കൃപാവരപ്രാപ്തരിലും മാത്രം ഒതുങ്ങുന്നതിനു കാരണം.

*പാസ്റ്റർ സി. ജോസഫ് കുട്ടി, പേഴുംമ്പാറ, വടശ്ശേരിക്കര, പത്തനംതിട്ട*

☹ **മാമോന്റെ ജനസമ്പർക്ക പരിപാടി ഇപ്പോൾ അവർക്കിടയിലാണ്. ചീഞ്ഞു വളമാകാൻ വിശ്വാസികൾ ഉണ്ടല്ലോ.**




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally